# സിമ്പോസിയം

# 30-10-2013

# പരവൂർ കായൽ, ഇത്തിക്കരയാറ്
# ആവാസവ്യവസ്ഥയുടെ പുനരുജ്ജീവനം

## പഠനങ്ങളും നിർദ്ദേശങ്ങളും


തയാറാക്കിയത്:

ജസ്മസ്. ജെ. കാവുംതാനം

ആർച്ച് ബാൾഡ്

പ്രൊഫ. പീറ്റർ പ്രദീപ്

അമൽ അഗസ്റ്റിൻ

# ഉള്ളടക്കം

**ആമുഖം** : **ജസ്മസ്. ജെ. കാവുംതാനം**
ഡയറക്ടർ, ഹെൽപ് ഫൗണ്ടേഷൻ

**സിമ്പോസിയം നിർദ്ദേശങ്ങൾ**

**വിഷയാവതരണം** : **ശ്രീ മനോജ്,**
അദ്ധ്യാപകൻ, പരിസ്ഥിതി, വിദ്യാഭ്യാസ, സാമൂഹ്യ പ്രവർത്തകൻ

**വിഷയം :**

- പരവൂർ കായൽ, ഇത്തിക്കരയാറ് ആവാസവ്യവസ്ഥ
- തണ്ണീർത്തടങ്ങളുടെ ആവാസവ്യവസ്ഥാ പുനർനിർമ്മിതിയിൽ കണ്ടലിൻെറ പങ്ക്
- നാശോന്മുഖമായ പരവൂർ കായലിൻെറ ഇപ്പൊഴത്തെ അവസ്ഥയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്തവും

**വിഷയാവതരണം** : **ശ്രീ ആർച്ച് ബാൾഡ്**
പരവൂർ കായൽ, ഇത്തിക്കരയാറ് സംരക്ഷണസമിതി പ്രസിഡൻറ്

**വിഷയം :**

- നീർത്തടാധിഷ്ഠിത വിഭവവിനിയോഗവും പരമ്പരാഗത ഉപജീവനരീതികളും
- പരവൂർ കായൽതീരത്തെ കണ്ടൽ കൃഷിരീതികളും സംരക്ഷണവും പരിപാലനവും (ഹരിതതീരം പദ്ധതി)
- ഭക്ഷ്യസുരക്ഷയിൽ തണ്ണീർത്തടങ്ങളുടേയും നദീതടകൃഷിയുടേയും കണ്ടലിൻേറയും പങ്ക്
- നാശോന്മുഖമായ പരിസ്ഥിതിലോലപ്രദേശങ്ങളുടെ പുനസ്ഥാപനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതിൻെറ ആവശ്യകത
- ഇല്ലാതായിക്കൊണ്ടിരിക്കുന്ന ശുദ്ധജലജീവിവർഗ്ഗങ്ങളുടെ സംരക്ഷണവും ജൈവവൈവിദ്ധ്യവും

**വിഷയാവതരണം** : **ശ്രീമതി സയൂജ**
ബി.ഡി.ഒ. ഇത്തിക്കര ബ്ലോക്ക്

**വിഷയം :**

- ഇത്തിക്കരയാറും അതിൻെറ ഇന്നത്തെ ശോച്യാവസ്ഥയും
- ഇത്തിക്കരയാറും തീരവും സംരക്ഷണത്തിനായി നിലവിലുള്ള പ്രവർത്തനങ്ങളും നടപടികളും
- ഇത്തിക്കരയാറിൻെറ സംരക്ഷണത്തിനും പരിപാലനത്തിനും ദീർഘവീക്ഷണത്തോടെയുള്ള ഭരണതലത്തിലുള്ള പദ്ധതികൾ

**വിഷയാവതരണം :** **ശ്രീ വിജയകുമാർ**
അഡീ. തഹസിൽദാർ, റവന്യൂ വകുപ്പ്, കൊല്ലം

**വിഷയം :**

- പരവൂർകായലിൻെറ തീരപരിപാലനത്തിൽ റവന്യൂ വകുപ്പിൻെറ സമീപനം
- പരവൂർകായൽ-ഇത്തിക്കരയാറ് ആവാസവ്യവസ്ഥാ പുനരുജ്ജീവനത്തിൽ റവന്യൂ ഡിപ്പാർട്ട്മെൻറിൻെറ പങ്ക്

**വിഷയാവതരണം** : **ശ്രീമതി ഷീലാകുമാരി**
പ്രസിഡൻറ്, മയ്യനാട് ഗ്രാമപഞ്ചായത്ത്

**വിഷയം :**

- ഹെൽപ് ഫൗണ്ടേഷൻെറ ആവാസവ്യവസ്ഥാ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ മയ്യനാട് ഗ്രാമപഞ്ചായത്തിൻെറ സംഭാവനകൾ
- പരവൂർ കായലിൻെറ സംരക്ഷണത്തിനും പരിപാലനത്തിനും മയ്യനാട് ഗ്രാമപഞ്ചായത്തിൻെറ പദ്ധതികൾ
- പരവൂർ കായലിൻെറ പുനർനിർമ്മാണപവർത്തനങ്ങളിൽ മയ്യനാട് ഗ്രാമപഞ്ചായത്തിൻെറ നയപരമായ തീരുമാനങ്ങൾ

# ആമുഖം

ബഹുമാന്യരേ,

രാഷ്ട്രനിർമ്മാണം എന്നത് പൗരധർമ്മമാണെന്നും സാമൂഹ്യപുരോഗതി വികസനമെന്ന നിർമ്മാണപ്രവർത്തനം മാത്രമല്ലെന്നും നാം തിരിച്ചറിയേണ്ട സമയം വല്ലാതെ വൈകിയിരിക്കുന്നു. സമൂഹം സമുദായമായും സമുദായം കുടുംബമായും കുടുംബം വ്യക്തിയായും ചുരുങ്ങുന്ന ഈ കാലഘട്ടത്തിൽ ജീവിതവിജയത്തിന്റെ അളവുകോൽ വിദ്യയും വിജ്ഞാനവും ആയിരുന്നത് ധനസമ്പാദനം മാത്രമായപ്പോൾ, എങ്ങനേയും സമ്പത്തുണ്ടാക്കാനുള്ള നെട്ടോട്ടം മേൽപ്പറഞ്ഞതുപോലെ രൂപപ്പെട്ട വ്യക്തിയുടെ, വ്യക്തിത്വങ്ങളുടെ ഏകധർമ്മമായി മാറി. ആഗ്രഹിച്ചത് നേടുവാനും നേടിയത് സംഭരിക്കുവാനും സംഭരിച്ചത് സംരക്ഷിക്കുവാനും സംരക്ഷിച്ചത് വിപുലമാകുവാനും മാത്രമ്മയി സദാ ചലിക്കുന്ന ഒരു യന്ത്രമായി മനുഷ്യമനസ്സ് രൂപപ്പെട്ടിരിക്കുന്നു.

ഏതൊരു മനുഷ്യനും സ്വന്തമായുള്ളത് ഒരു ജീവിതമാണെന്നും അതിന്റെ അടിസ്ഥാനം സമായമാണെന്നും അത് ഏവർക്കും ഒരുപോലെയാണെന്നും അതിന്റെ വിനിയോഗം അർത്ഥവത്താക്കണമെന്നും മനസ്സിലാക്കുവാൻ വിദ്യയും വിജ്ഞാനവും സംസ്കാരവും എല്ലാ കാലഘട്ടങ്ങളിലും ശ്രമിച്ചിരുന്നു. എന്നാൽ ഈ കാലഘട്ടത്തിൽ എല്ലാം ഉപഭോഗം മാത്രം. മണ്ണും മനസ്സും വയുവും വെള്ളവും എല്ലാം ഒന്നുകിൽ ഉപയോഗത്തിന് അല്ലെങ്കിൽ കേവലം സ്വകാര്യലാഭത്തിനായുള്ള വിപണനത്തിന്.

അശാസ്ത്രീയമായ വികസനപ്രവർത്തനങ്ങൾ മൂലം പ്രകൃതി മനുഷ്യനേയും സകല ജീവജാലങ്ങളേയും സംരക്ഷിച്ച് നിലനിർത്തിപ്പോന്ന പ്രകൃതിദത്തസംവിധാനങ്ങൾ അമിതചൂഷണത്തിനു വിധേയമായി ഓരോന്നായി ഇല്ലാതായിക്കൊണ്ടിരിക്കുന്നു. ജനാധിപത്യ ഭരണസംവിധാനത്തിൽ വിവിധവകുപ്പുകളുടെ സംയോജിത ഭരണനിർവ്വഹണം നടക്കതെ വരുകയും വ്യത്യസ്ഥ വകുപ്പുകൾ വ്യത്യസ്ഥമായ നിലപാടുകൾ കൈക്കൊള്ളുകയും ചെയ്യുന്നു. വനംവകുപ്പിന്റെ തീരുമാനങ്ങൾ കൃഷിവകുപ്പ് അംഗീകരിക്കാതെ വരികയും ജലവൈദ്യുതപദ്ധതികൾ ജലസേചനവകുപ്പിന്റെ പദ്ധതികൾക്ക് പ്രതിബന്ധമാവുകയും ചെയ്യുന്നു. ഉദ്യോഗസ്ഥതല ഉദാസീനതകൾ നടത്തിപ്പിന്റെ കെടുകാര്യസ്ഥതയ്ക്ക് വഴിമാറുകയും സുസ്ഥിരവികസനമെന്നത് സങ്കൽപ്പത്തിൽ മാത്രമൊതുങ്ങുകയും ചെയ്യുന്നു. ഇതിനിടെ കാര്യസാദ്ധ്യത്തിനായി പണം വാങ്ങുന്ന ഭരണതലത്തിലും ഉദ്യോഗസ്ഥതലത്തിലും രാഷ്ട്രീയരംഗത്തും ഉള്ള ഒരു വിഭാഗം ആളുകൾ എല്ലാവിധ ചൂഷണങ്ങൾക്കും ഒത്താശചെയ്തുകൊടുക്കുന്നു. അങ്ങനെ പാടശേഖരങ്ങൾ ഇഷ്ടികക്കളങ്ങളാവുകയും ജലാശയങ്ങളും ഭൂഗർഭജലവും കുപ്പിവെള്ളഫാക്ടറികൾ കുടിച്ചുവറ്റിക്കുകയും ചെയ്യുന്നു. കേരളത്തിലാകമാനം അരങ്ങേറുന്ന ഇപ്രകാരമുള്ള പ്രകൃതിചൂഷണം മൂലം ദുരന്തങ്ങൾ നമുക്ക് ഒരു ശീലമായി മാറിയിരിക്കുന്നു.

പശ്ചിമഘട്ടത്തിനും അറബിക്കടലിനുമിടയിൽ കിഴുക്കാംതൂക്കായിക്കിടക്കുന്ന ഒരു താഴ്വരയെന്നുവേണമെങ്കിൽ പറയാം നമ്മുടെ ഹരിതമനോഹരമായ കൊച്ചു കേരളത്തിനെ. പ്രകൃതിനിർമ്മിതമായ പശ്ചിമഘട്ടം ഒരു കോട്ടപോലെ മഴമേഘങ്ങളെ തടുത്തുനിർത്തി നമുക്ക് മഴസമൃദ്ധിനൽകുന്നതോടൊപ്പം കിഴക്കുനിന്നുള്ള വരണ്ടകാറ്റിനെ തടഞ്ഞ് മിതശീതോഷ്ണ കാലാവസ്ഥ നൽകുകയും ചെയ്യുന്നു. മലയും കടലും തമ്മിലുള്ള ദൂരം കുറയുകയും ചരിവ് കൂടുകയും ചെയ്യുന്നതിനാൽ ഒരു ചരിഞ്ഞ മേൽക്കൂരയിലെ മേച്ചിലോടുകളിലൂടെന്നപോലെ മഴവെള്ളം ചെറുചാലായി, തോടായി, അരുവിയായി, പുഴയായി, നദിയായി, കായലായി അതിവേഗം കടലിൽ പതിക്കുന്നു. തന്മൂലം മഴപെയ്ത്, മരം പെയ്ത അധികം കഴിയുംമുമ്പേ മഴവെള്ളം കടലിലേക്കെത്തുന്നു. അതുകൊണ്ടാണ്, അതുകൊണ്ടുമാത്രമാണ് നമ്മുടെനാട്ടിൽ 44 നദികളും 33 പുഴകളും ഉണ്ടായത്. ഇവയിലെല്ലാം കൂടെ ഒഴുകുന്ന വെള്ളം നമ്മുടെ രാജ്യത്തെ ഏതെങ്കിലും ഒരു പ്രമുഖനദിയുടെ കൈവഴിയുടെ അത്രപോലും വലുതല്ല. അങ്ങേയറ്റം ദുർബലമായ, പരസ്പരബന്ധിതവും പരസ്പരാശ്രിതവുമായ ഒരു ജൈവവൈവിധ്യവും ആവാസവ്യവസ്ഥയും ഇവിടെ നിലനിൽക്കുന്നു. ഒരു തടയണയോ ഒരു ബണ്ടോ പോലും അനവധി ജീവജാലങ്ങളുടെ നിലനിൽപ്പിന്, അതിജീവനത്തിന് ഭീഷണിയാവുന്നു. പലതും ഈ ഭൂമുഖത്തുനിന്നും നാമാവശേഷമാവുന്നു.

ഒരു സമൂഹത്തെയാകെ തീറ്റിപ്പോറ്റിയും സംരക്ഷിച്ചുംപോന്ന ഇത്തിക്കരയാറും പരവൂർ കായലും തലമുറകളായി ഈ സമൂഹത്തിന്റെ സമ്പദ്വ്യവസ്ഥയുടെ നെടുംതൂണായിരുന്നു. മലനാട്, ഇടനാട്, തീരപ്രദേശം എന്ന കേരളത്തിന്റെ തനതു ഭൂപ്രകൃതിക്ക് അനുയോജ്യമായി സഹ്യസാനുക്കളിൽനിന്നുൽഭവിച്ച് ഇത്തിക്കരയിലൂടെ പുഴയായൊഴുകി പരവൂർ കായലിൽ

വന്നുചേർന്ന് പ്രകൃതിദത്തമായ പരവൂർ പൊഴിയിലൂടെ അറബിക്കടലിൻെറ മടിത്തട്ടിലേക്ക് ചെന്നുചേർന്നിരുന്ന പ്രകൃതിദത്ത സംവിധാനമായിരുന്നു ഇവിടെയുണ്ടായിരുന്നത്.

റോഡ് നിർമ്മാണത്തിനുവേണ്ടി അശാസ്ത്രീയമായി പ്രക്രതിദത്തമായ പൊഴി മൂടിയതുമൂലം കാലങ്ങളായി കുളത്തൂപ്പുഴ മുതൽ പരവൂർ കായലും മുക്കം തുറവരേയും ജൈവസമ്പത്ത് നശിച്ചുകൊണ്ടിരിക്കുന്നു. പരവൂർകായൽ നികന്ന് തുരുത്തുകൾ രൂപപ്പെട്ടു തുടങ്ങിയിരിക്കുന്നു. പരവൂർ കായലിനെ ആശ്രയിച്ച് ജീവിച്ചുവന്ന ആയിരക്കണക്കിനു മത്സ്യത്തൊഴിലാളികൾക്ക് അവരുടെ തൊഴിൽ മേഖല ഇല്ലാതാവുകയാണ്. മഴക്കാലത്ത് ഇത്തിക്കരയാറ് നിറഞ്ഞൊഴുകുന്നതുമൂലമുണ്ടാകുന്ന വെള്ളപ്പൊക്കവും അതുമൂലം ഉണ്ടാകുന്ന ദുരന്തങ്ങളും ഇവിടെ തുടർക്കഥയാവുകയാണ്.

വർഷകാലത്ത് വെള്ളപ്പൊക്കം ഉണ്ടാവുമ്പോൾ പ്രകൃതിദത്തമായ പരവൂർപൊഴിയിൽനിന്ന് ഏറെമാറി കടലോരമേഖലയിലെ മത്സ്യത്തൊഴിലാളികളുടെ മത്സ്യബന്ധനത്തുറ മുറിച്ചുവിട്ട് മത്സ്യത്തൊഴിലാളികളെ നിത്യപട്ടിണിയിലേക്ക് തള്ളിവിട്ടുകൊണ്ട് ഒരു താൽകാലിക പരിഹാരം ഉണ്ടാക്കുകയും പിന്നീട് പൊതുഖജനാവിന് ഏറെ നഷ്ടമുണ്ടാക്കി ഇതു മൂടുകയുമാണ് വർഷങ്ങളായി തുടർന്നുവരുന്നത്.

ഈ സാഹചര്യത്തിൽ, പരമ്പരാഗതമായ പരവൂർ പൊഴി തുറക്കുന്നതിനും പരവൂർ കായലിനേയും ഇത്തിക്കരയാറിനേയും നാശത്തിൽനിന്നും സംരക്ഷിക്കുന്നതിനും വേണ്ടി **ഹെൽപ് ഫൗണ്ടേഷൻെറ** നേതൃത്വത്തിൽ രൂപംനൽകിയ സംഘടനയാണ് **പരവൂർകായൽ ഇത്തിക്കരയാറ് സംരക്ഷണസമിതി.**

നാടിൻെറ പൊതുവായുള്ള ഈ ആവശ്യങ്ങൾ ജനകീയ പങ്കാളിത്തത്തോടെ ഒരുമനസ്സോടെ ഒറ്റക്കെട്ടായിനിന്ന് നടത്തിയെടുക്കുവാനും അതിനാവശ്യമായ പഠനങ്ങൾ ഏകോപിപ്പിക്കുവാനും സർക്കാരിൻെറ സത്വരശ്രദ്ധയിലേക്ക് കൊണ്ടുവരുവാനുമായാണ് ഈ സംഘടന രൂപീകരിച്ചിട്ടുള്ളത്. ഇതിനായുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാനും വിവിധതലങ്ങളിലുള്ള ഭരണസംവിധാനങ്ങളുടെ പദ്ധതികളും ആശയങ്ങളും പരസ്പരം പങ്കുവയ്ക്കുവാനും ഒരു വേദിയെന്നനിലയിലാണ് ഈ സിമ്പോസിയം സംഘടിപ്പിക്കുന്നത്. ഇവിടെ ഉയർന്നുവന്ന ആശയങ്ങളും നിർദ്ദേശങ്ങളും നമ്മുടെ വികസന കാഴ്ച്ചപ്പാടിനും ഭാവി തലമുറയുടെ നിലനിൽപ്പിനും വേണ്ടിയുള്ള പ്രവർത്തനങ്ങളുടെ ഒരു നാന്ദി ആവട്ടേയെന്ന് അത്യധികമായി ആഗ്രഹിക്കുന്നു

**പരവൂർകായൽ ഇത്തിക്കരയാറ് സംരക്ഷണസമിതിയുടേയും ഹെൽപ് ഫൗണ്ടേഷൻേറയും** തുടർപ്രവർത്തനങ്ങൾക്ക് ഇത് ഒരു പ്രചോദനമാവട്ടേയെന്ന ആശംസകളോടെ

**ജസ്മസ്. ജെ. കാവുംതാനം**

ഡയറക്ടർ,

ഹെൽപ് ഫൗണ്ടേഷൻ

## സിമ്പോസിയം നിർദ്ദേശങ്ങൾ

1) കേരളത്തിലെ പ്രശസ്തവും പ്രകൃതിദത്തവുമായ പരവൂർ പൊഴി യഥാസ്ഥാനത്ത് തുറക്കുക
2) വർഷകാലങ്ങളിലുണ്ടാവുന്ന വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും മൂലം ഉണ്ടാവുന്ന ദുരന്തങ്ങളിൽ നിന്ന് നാടിനെ രക്ഷിക്കാനെന്നരീതിയിൽ മുക്കം മത്സ്യബന്ധനതുറ പൊഴിയാക്കുന്ന രീതി അവസാനിപ്പിക്കുക
3) പരവൂർ ചീപ്പിലൂടെ കായലിൽ കടൽമണ്ണടിഞ്ഞ് കായൽ നികരുന്നത് തടയുക
4) പ്രകൃതിദത്തമായ പൊഴി പുനഃസ്ഥാപിച്ച ശേഷം അതിനുമുകളിലൂടെ പാലം പണിത് തീരദേശറോഡ് യാഥാർഥ്യമാക്കുക
5) പൊഴി മുറിക്കുമ്പോൾ പൊഴിയുടെ ഇരുകരകളും സംരക്ഷിക്കുന്നതിനായി സംരക്ഷണ ഭിത്തി കെട്ടുക
6) കായലിലെ മത്സ്യസമ്പത്തിൻെറ വികസനത്തിനായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പാക്കുക
7) ഇത്തിക്കരയാറും പരവൂർ കായലും സംരക്ഷിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക
8) പരവൂർകായലിൽ പൊഴി മുറിഞ്ഞും ചീപ്പിലൂടെയും അടിഞ്ഞുകൂടിയ മണൽതുരുത്തുകൾ പൂർണ്ണമായും നീക്കം ചെയ്യുക
9) ഫിഷറീസ് ടൂറിസം (പരമ്പരാഗതരീതിയിലുള്ള) പദ്ധതികൾ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി നടപ്പാക്കുക
10) പരവൂർ പൊഴി മൂടിയപ്പോൾ ഉണ്ടായ കരഭാഗത്ത് എട്ട് കുടുംബങ്ങൾ കുടിൽകെട്ടി താമസിക്കുന്നു. മത്സ്യത്തൊഴിലാളികൾ ആയതിനാൽ ഇവർക്ക് തൊഴിൽ ചെയ്യുവാൻ സദ്ധ്യമാകുംവിധത്തിൽ പുനരധിവസിപ്പിക്കുക
11) വർഷകാലാരംഭത്തിനുമുൻപ് പൊഴി തുറക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും കിഴക്കുനിന്നും ഇത്തിക്കരയാറിലൂടെ വെള്ളം ഒഴുകിയെത്തുകയും ചെയ്താൽ വൻപാറകളടുക്കി നികത്തിയ ഭാഗത്തേക്ക് ചെല്ലാൻപോലും സാധിക്കില്ല. അതിനാൽ വർഷകാലാരംഭത്തിനു മുൻപായിത്തന്നെ പൊഴിതുറക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുക
12) റവന്യൂ വകുപ്പിനു ചെയ്യുവാൻ കഴിയുന്നത് കായലിനെക്കുറിച്ച് ഒരു വിശദമായ സർവ്വേ നടത്തുകയും അതായത് നേരത്തേ കായൽ എത്രയുണ്ടായിരുന്നു, ഇപ്പോൾ കായലിൻെറ സ്ഥിതിയെന്താണ് ഇതേക്കുറിച്ച് ഒരു വിശദമായ പഠനം നടത്തുകയും കായൽ അനധികൃതമായി ആരെങ്കിലും കൈവശം വച്ചിട്ടുണ്ടോ എന്നും അങ്ങനെയുണ്ടെങ്കിൽ ആ കൈയേറ്റങ്ങളെ ഒഴിപ്പിച്ച് ലാൻറ് കൺസർവൻസി ആക്റ്റ് അനുസരിച്ച് നടപടി സ്വീകരിച്ച് ആ ഭൂമി സർക്കാരിലേക്ക് കണ്ടുകെട്ടി ഒപ്പം ഈ കായലിനെ പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരുകയും ചെയ്യുക.
13) ഇത്തിക്കരയാറിനെ സംബന്ധിച്ച് ആറിൻെറ തീരങ്ങളിൽ അനധികൃതമായി നടത്തിയിട്ടുള്ള മണ്ണെടുപ്പ്, ചെളിഖനനം തുടങ്ങിയവ കണ്ടെത്തി അത് കെ.എം.എം.സി. ആക്റ്റ് അനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
14) ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (സർവേ ടീം) രൂപീകരിച്ച് പരവൂർ കായലിൻേറയും ഇത്തിക്കര ആറിൻേറയും അതിരുകൾ അടയാളപ്പെടുത്തി, കൈയേറ്റങ്ങൾ ഉണ്ടേങ്കിൽ അവ നീക്കംചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുക.

സിമ്പോസിയം മോഡറേറ്റർ : **ശ്രീ ബേബിസൺ**

..........................................................

..........................................................

..........................................................

## മുഖ്യ പ്രബന്ധം ഒന്ന്

**വിഷയാവതരണം : ശ്രീ മനോജ്,**

അദ്ധ്യാപകൻ, പരിസ്ഥിതി, വിദ്യാഭ്യാസ, സാമൂഹ്യ പ്രവർത്തകൻ

വിഷയം : പരവൂർ കായൽ, ഇത്തിക്കരയാറ് ആവാസവ്യവസ്ഥ തണ്ണീർത്തടങ്ങളുടെ ആവാസവ്യവസ്ഥാ പുനർനിർമ്മിതിയിൽ കണ്ടലിൻെറ പങ്ക്

നാശോന്മുഖമായ പരവൂർ കായലിൻെറ ഇപ്പൊഴത്തെ അവസ്ഥയും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ഉത്തരവാദിത്തവും

**എന്തുകൊണ്ട് കണ്ടലുകൾ പ്രസക്തമാവുന്നു**

ഭൂമിയുടെ ബ്രഹത്തായ ചരിത്രത്തിലേക്ക് മനുഷ്യനെന്ന ജീവി കടന്നുവന്നിട്ട് വളരെക്കുറച്ച് നാളുകളേ ആയിട്ടുള്ളൂ. ജീവിതശംഖലയിലെ അവസാനത്തെക്കണ്ണിയാണവൻ. കോടാനുകോടി വർഷങ്ങളിലൂടെ പ്രകൃതി നെയ്തെടുത്ത ആ ശംഖലയിലെ ഓരോ സൂക്ഷ്മജീവിയും സസ്യവും പ്രധാനപ്പെട്ടതാണ്. എന്നാൽ കഴിഞ്ഞ നൂറുവർഷത്തെ മനുഷ്യൻെറ ജീവിതം അഞ്ഞൂറുകോടിവർഷത്തെ ജീവശംഖലയെ തകർത്തെറിയുന്നു. ഒരു മുക്കുവൻ തൻെറ വല സൂക്ഷ്മമായി നെയ്തെടുക്കുന്നതുപോലെയാണ് പ്രകൃതി അതിൻെറ ജീവജാലങ്ങളെ നിലനിർത്തുന്നത്. ഇവിടെ മനുഷ്യൻെറ നൂറുവർഷത്തെ ജീവിതത്തെക്കുറിച്ച് പറയുമ്പോൾ അത് പരിസ്ഥിതി വിനാശത്തിൻെറ രാഷ്ട്രീയ ചരിത്രംകൂടിയായിത്തീരുന്നു. ശീതസമരത്തിൻെറ അന്ത്യത്തിൽ ലോകക്രമം അമേരിക്കൻ നിയന്ത്രണത്തിലുള്ള ഏകലോകമായി മാറി. ആഗോളവൽക്കരണത്തിൻെറ നീരാളികൈകൾ ഭൂമിയേയും അതിൻെറ വിഭവങ്ങളേയും എങ്ങനെ ഞെരിച്ചമർത്തി എന്ന് കഴിഞ്ഞ് രണ്ട് പതിറ്റാണ്ടുകളെലൂടെ നാം കണ്ടതാണ്. തൻെറ ജീവിതകാലം മാത്രമാണ് ലോകത്തിൻേറയും ആയുസ്സെന്നും അതിനുശേഷം മറ്റൊന്നും വരുംകാലത്തിനായി കരുതിവയ്ക്കേണ്ടതില്ലെന്നും അത് നമ്മോട് വിളിച്ചുപറയ്യുന്നു. ഭൂമി ഒരു വലിയ ആപ്പിളാണെന്നും എത്രയും വേഗം അത് തിന്നുതീർക്കണമെന്നും മാത്രമാണ് ആഗോളവൽക്കരണകാലത്തെ മനുഷ്യൻ വിശ്വസിക്കുന്നത്. മനുഷ്യനൊഴിച്ചുള്ള സർവ്വ ജീവജാലങ്ങളും അവൻെറ സുഖത്തിനും സന്തോഷത്തിനും വേണ്ടി മാത്രമുള്ളതാണ്. എന്നാൽ സമ്പന്നനും ദരിദ്രനും ഒരുപോലെയല്ല ഭൂമിയേയും പ്രകതിയേയും നശിപ്പിക്കുന്നത്. പുതിയ കണക്കുകൾ പറയുന്നത് ദിവസത്തിൽ രണ്ട് ഡോളർ മാത്രം വരുമാനമുള്ളവരാണ് ലോകജനസംഖ്യയുടെ 40% എന്നാണ്. ലോകത്തെ ആകെ വരുമാനത്തിൻെറ 5% മാത്രമാണിവർക്കു ലഭിക്കുന്നത്. എന്നാൽ ഏറ്റവും സമ്പന്നരായ 20% പേർ ലോകവരുമാനത്തിൻെറ 80%വും നിയന്ത്രിക്കുന്നു. ഇവരുടെ ആഢംബരപൂർണ്ണമായ ജീവിതമാണ് നമ്മുടെ ഭൂമിയെ ഓ.എൻ.വി. പാടിയതുപോലെ തല മുണ്ഡനംചെയ്യപ്പെട്ടവളും ഭ്രഷ്ടയുമാക്കി മാറ്റുന്നത്. സൂപ്പർസോണിക് വിമാനത്തിൽ യാത്രചെയ്യുന്ന, ക്രൂഡോയിലിൻെറ ഭൂരിഭാഗവും ഉപയോഗിക്കുന്ന, എയർ കണ്ടീഷണറുകളും പെർഫ്യൂമുകളും ഉപയോഗിച്ചുതള്ളുന്ന ഇവരാണ് ആഗോളതപനത്തിനും ഓസോണിൻ വിനാശത്തിനും കാരണക്കാരാവുന്നത്.

**തണ്ണീർത്തടങ്ങൾ:**

ഇത്തരം ഒരു ദശാസന്ധിയിൽ നിന്നുകൊണ്ടാണ് ലോകത്താകമാനമുള്ള പരിസ്ഥിതിസംഘടനകൾ തണ്ണീർത്തടങ്ങളും നദികളും ജലാശയങ്ങളും സംരക്ഷിക്കണം എന്നു പറയുന്നത്. ഭക്ഷ്യസുരക്ഷ പോലെ തന്നെ പ്രാധാന്യമർഹിക്കുന്നതാണ് കുടിവെള്ളത്തിൻെറ ഉറവിടങ്ങൾ സംരക്ഷിക്കുക എന്നതും. സ്വാതന്ത്ര്യം ജന്മാവകാശമാണ് എന്നു പറയുന്നതുപോലെ കുടിവെള്ളവും മനുഷ്യൻെറ ജന്മാവകാശമണ്. ഈ ജന്മാവകാശം നിലനിൽക്കണമെങ്കിൽ ജലസമൃദ്ധമായ തണ്ണീർത്തടങ്ങൾ സംരക്ഷിക്കേണ്ടതുണ്ട്. കാട് ഭൂമിയുടെ ശ്വാസകോശമാണെങ്കിൽ തണ്ണീർത്തടങ്ങൾ അതിൻെറ വൃക്കകളാണ്. ജലാംശം വലിയാത്ത മണ്ണുള്ള ഇവിടെ ഭൂജലവിതാനം വളരെ ഉയരത്തിലായിരിക്കും. ചേരണിഞ്ഞ ചതുപ്പുനിലമെന്നർത്ഥമുള്ള ചേരളമാണ് കേരളമായി പരിണമിച്ചതെന്ന് വിശ്വസിക്കുന്ന ചരിത്രകാരന്മാരുണ്ട്. അങ്ങനെ നോക്കുമ്പോൾ കേരളംതന്നെ ജൈവസമ്പന്നമായ തണ്ണീർത്തടമായിരുന്നു ഒരിക്കലെന്നുപറയാം. ശുദ്ധജലമോ ഉപ്പുജലമോ വഹിക്കുന്നതും ഒഴുകുന്നതോ ഒഴുകാത്തതോ ആയ പ്രദേശത്തെയാണ് നീർത്തടം എന്നു പറയുന്നത്.

സ്ഥിതിചെയ്യുന്ന അല്ലെങ്കിൽ നിലനിൽക്കുന്ന പ്രദേശത്തിൻെറ അടിസ്ഥാനത്തിൽ രണ്ടുതരം നീർത്തടങ്ങളുണ്ട്. തീരദേശ നീർത്തടങ്ങളും ഉൾനാടൻ നീർത്തടങ്ങളും.

**തീരദേശ നീർത്തടങ്ങൾ:** ആദ്യത്തേത് കടൽത്തീരങ്ങളോടും അഴിമുഖങ്ങളോടും ചേർന്ന് ഉപ്പുരസം കലർന്ന ജലവാഹിനികളാണ്. കായലുകളോടും നദികളോടും ചേർന്നുള്ള തീരദേശ ചതുപ്പുകളും കണ്ടലുകളും ഇത്തരത്തിലുള്ളാവയാണ്.

**ഉൾനാടൻ നീർത്തടങ്ങൾ:** ഉൾനാടൻ വിഭാഗത്തിലുള്ളവയെല്ലാം ശുദ്ധജലം ഉൾക്കൊള്ളുന്നവയാണ്. തടാകങ്ങളും അരുവികളും നദികളും കുളങ്ങളും വയലുകളുമെല്ലാം ഈ വിഭാഗത്തിൽപ്പെട്ടവയാണ്.

കരഭൂമിയുടേയും ജലാശയത്തിൻേറയും സവിശേഷതകൾ ഉൾക്കൊള്ളുന്ന വൈവിദ്ധ്യമാർന്ന ഘടനയാണ് തണ്ണീർത്തടങ്ങൾക്കുള്ളത്. ജൈവപരമായ അതിപ്രാധാന്യമുള്ള ആവാസവ്യവസ്ഥയാണിവ. ഭൂമിയിലെ ജൈവവൈവിധ്യത്തിൻെറ കലവറകളാണിവ. വർഷകാലത്ത് ഒഴുകിയെത്തുന്ന ജലം ശേഖരിച്ചുവച്ച് വർഷം മുഴുവനും നിലനിർത്തുന്ന ഉറവകളായി പ്രവർത്തിച്ച് ഭൂഗർഭജലവിതാനം ഉയർത്തി കിണറുകൾക്കും കുളങ്ങൾക്കും നൽകുന്നു. ഒരു ഹെക്ടർ നെൽവയലിൽ പത്തുലക്ഷം ലിറ്റർ ജലം ശേഖരിക്കപ്പെടും. ഇതിൽ രണ്ടുലക്ഷം ലിറ്റർ വെള്ളമെങ്കിലും ഭൂഗർഭജലമായി മാറും. കേരളത്തിലെ നെൽ വയലുകളെക്കുറിച്ചു പറയാനാണെങ്കിൽ അവയിൽ ഭൂരിപക്ഷവും (കുട്ടനാട് ഒഴിച്ച്) മനുഷ്യൻ നിർമ്മിച്ചതല്ല മറിച്ച് തനിയേ ഉണ്ടായി വന്നതാണ്. താരതമ്യേന ശക്തമായ മഴയും നാൽപ്പത്തിനാല് നദികളും നീർച്ചാലുകളും ചേർന്ന് നെൽകൃഷിക്ക് അനുയോജ്യമായൊരു സാഹചര്യം നൂറ്റാണ്ടുകൾക്കുമുൻപേ കേരളത്തിലുണ്ടായിരുന്നു. പഴമക്കാർ പറയുന്നത് കേരളത്തിൻെറ അങ്ങേ അറ്റം മുതൽ ഇങ്ങേ അറ്റം വരെ നെൽവയലുകളിലൂടെമാത്രം സഞ്ചരിക്കാമായിരുന്നു എന്നാണ(പി. ഭാസ്ക്കരൻ- കവിത- വിണ്ട കാലടികൾ)

കരളത്തിലെ വയലുകളിൽ ഒരുകാലത്ത് കാരിയും കൊഞ്ചും ഞണ്ടും ആമയും തവളയും കുളക്കോഴിയും കാടയും കൊറ്റിയും നിറഞ്ഞിരുന്നു. കേരളത്തിലെ നെൽവയലുകൾ ഇഷ്ടികക്കളങ്ങൾക്കും മണലൂറ്റിനും വഴിമാറിക്കൊടുക്കുമ്പോൾ കേരളത്തിൻെറ ഭക്ഷ്യസുരക്ഷയും പാരിസ്ഥിതിക സുരക്ഷയുമാണ് അപകടത്തിലാവുന്നത്. മഴക്കാലത്ത് രൂക്ഷമായ വെള്ളപ്പൊക്കവും വേനൽക്കാലത്ത് കടുത്ത ജലക്ഷാമവുമാണ് ഇതിൻെറ ഭലം. ചതുപ്പുകളിലേയും തണ്ണീർത്തടങ്ങളിലേയും വയലുകളിലേയും മണൽഖനനം പാതാളത്തോളം താഴുമ്പോൾ സമീപസ്ഥങ്ങളായ കിണറുകളിലെ കുടിവെള്ളം അത്യഗാധതയിലേക്ക് താണുപോകുന്നു. പരമ്പരാഗത ജലസ്രോതസ്സുകൾ നഷ്ടമാകുമ്പോൾ ഇല്ലാതാകുന്നത് ദാഹജലം തന്നെയാണ്. സ്പോഞ്ചുകൾ വെള്ളം പിടിച്ചുവയ്ക്കുന്നതുപോലെ കോടിക്കണക്കിനു ലിറ്റർ ജലം ഭൂമിക്കടിയിലേക്കെത്തിക്കുന്ന ഈ സംവിധാനങ്ങളുടെ തകർച്ച എവിടേക്കാണ് നമ്മെ കൊണ്ടെത്തിക്കുന്നത്? നെൽകൃഷി ലാഭമല്ലെങ്കിൽ അതു നികത്തി റബറും വാഴയും വയ്ക്കാമെന്നു പറയുന്ന പൊതുസമൂഹം വിലമതിക്കാനാവാത്ത പ്രകതിയിലെ നന്മകളെ എന്താണ് തിരിച്ചറിയാത്തത്? മലനാടും ഇടനാടും തീരപ്രദേശാങ്ങളും ചേർന്നതാണ് കേരളം. വയലുകളും ചതുപ്പുകളും നികത്താൻ ഇടനാട്ടിലെ കുന്നുകളെയ്ത്തന്നെയാണ് ഇടിച്ചുനിരത്തുന്നത്. മലനട്ടിൽനിന്നൊഴുകിവരുന്ന അരുവികളുടേയും മഴവെള്ളത്തെ ഗർഭ്പാത്രത്തിലൊളിപ്പിച്ചുവച്ച ഈ കുന്നുകളുടേയും അപ്രത്യക്ഷമാകൽ നമുക്ക് വരുത്തിയ നഷ്ടം വളരെ വലുതാണ്. മലനാട്ടിൽ പെയ്തിറങ്ങുന്ന മഴ വളരെ വേഗത്തിൽ സമുദ്രത്തിലേക്ക് ഒഴുകിപ്പോകുന്നു. വേലികെട്ടി തിരിച്ചതോ തിരിക്കാത്തതോ ആയ പുരയിടങ്ങൾക്കിടയിലൂടെ ഒഴുകിയിരുന്ന കൈത്തോടുകളും നീർച്ചാലുകളും എന്നെന്നേക്കുമായി അപ്രത്യക്ഷമായിരിക്കുന്നു. (സി.വി. ബാലകഷ്ണൻെറ "പരൽമീനുകൾ നീന്തും പാടം")

**തീരദേശ തണ്ണീർത്തടങ്ങൾ**

നേരത്തേ സൂചിപ്പിച്ചതുപോലെ ആദ്യത്തെ വിഭാഗത്തിൽപ്പെടുന്നവയാണ് തീരദേശ നീർത്തടങ്ങൾ. കണ്ടലുകൾ വളരുന്നതിവിടെയാണ്. അടുത്ത കാലംവരെ പാഴ്നിലങ്ങളായാണ് ഇവയെ പരിഗണിച്ചിരുന്നത്. കരയും ജലവും തമ്മിലുള്ള സൗഹദത്താൽ രൂപംകൊണ്ട ചെളിപുരണ്ട ഈ ചതുപ്പുകളിലെ ഹരിതവനങ്ങൾ ജീവൻെറ ഉറവിടങ്ങളാണെന്ന് മനുഷ്യൻ തിരിച്ചറിയുന്നത് ഏറെ വൈകിയാണ്. കണ്ടലുകൾ സമുദ്രത്തിൻെറ മഴക്കാടുകളാണെന്നു പറയാം.

- സമുദ്രജീവിതം ആരംഭിക്കുന്നത് ഈ ചതുപ്പുകളിലാണ്.
- എണ്ണമറ്റ മത്സ്യങ്ങളൂടേയും കടൽജീവികളുടേയും ഗർഭപാത്രങ്ങളാണിവിടം.
- 80% വാണിജ്യപ്രാധാന്യമുള്ള മത്സ്യങ്ങളുടേയും ചെമ്മീനുകളുടേയും പ്രജനനം നടക്കുന്നത് ഇവിടെയാണ്.
- ഇവിടുത്തെ ജൈവസമ്പന്നത ഉഷ്ണമേഖലാ മഴക്കാടുകൾക്ക് സമാനമാണ്.(സൈലൻറ് വാലി)
- കണ്ടൽ പ്രദേശത്തെ ചെളിപ്പരപ്പിൻെറ ഉപരിതലത്തിലെ സൂക്ഷ്മജീവികളും സസ്യങ്ങളും ഉൽപ്പാദിപ്പിക്കുന്ന പോഷകങ്ങളും നൈട്രജനും ഒരു വലിയ ആവാസവ്യവ്യവസ്ഥ അതിനുള്ളിൽ സഷ്ടിക്കുന്നു. ഇവ സമുദ്രത്തിലേക്ക് ഒഴുകിപ്പരക്കുന്നു. ഇതിലേക്ക് ആകർഷിക്കപ്പെട്ട് മത്സ്യങ്ങളും ഞണ്ടുകളും പ്രജനനത്തിനായി ഇവിടെ എത്തുന്നു. ഇവ വളരുന്നതുവരെ ഇവിടെ തങ്ങുകയും പിന്നീട് സമുദ്രത്തിലേക്ക് മടങ്ങിപ്പോവുകയും ചെയ്യുന്നു.
- മഴവെള്ളത്തിൽനിന്നും, വേലിയേറ്റസമയത്തെ ഓരുവെള്ളത്തിൽനിന്നും സംരക്ഷിക്കുന്നു.
- ഉപ്പ് ആഗിരണം ചെയ്യുകയും ഇലകളിലൂടെ പുറത്തുകളയുകയും ചെയ്യുന്നു.
- തീരസംരക്ഷണത്തിന് കടൽഭിത്തി നിർമ്മിക്കാൻ ഒരു കിലോമീറ്ററിന് കോടികളും കണ്ടലിന 8 ലക്ഷം രൂപ മാത്രവും മതിയാവും.
- മണ്ണൊലിപ്പ് തടയുന്നു.
- ദേശാടനപ്പക്ഷികളുടേയും നീർപ്പക്ഷികളുടേയും അഭയസ്ഥാനം. വൻകരകൾ താണ്ടിയെത്തുന്ന ദേശാടനപ്പക്ഷികൾ കണ്ടലുകൾ ഇല്ലാതാവുന്നതോടെ വരവ് മതിയാക്കും.
- പ്രകതിദത്തമായ ചെമ്മീൻ കെട്ടുകൾ കൊല്ലം–മങ്ങാട്, കടലുണ്ടി, ധർമ്മടം, കുമരകം, പാതിരാമണൽ എന്നിവയാണ്. സ്വാഭാവികമായവിധം സമുദ്രത്തിൽനിന്നും വന്ന് കായൽത്തീരങ്ങളിലെ കണ്ടൽക്കാടുകളിൽ പ്രജനനം നടത്തി തിരിച്ചുപോകുന്നു. ചെമ്മീനുകളുടെ കുഞ്ഞുങ്ങൾ ഒരു നഴ്സറിയിലെന്നപോലെ വളർന്ന് സമുദ്രത്തിലേക്കുതന്നെ തിരിച്ചുപോവുന്നു
- പൊക്കാളി പാടങ്ങൾ– ചെമ്മീൻ കെട്ടുകൾ കഴിയുമ്പോൾ നെൽകഷി നടത്തുന്ന പാടങ്ങൾ
- കണ്ടലിൻെറ വേരുകൾ വേട്ടി കോർക്ക് ഉണ്ടാക്കുന്നു
- ഇങ്ങനെ കണ്ടൽ മേഖലകൾ ഭക്ഷ്യസുരക്ഷയുടെ അടിസ്ഥാനമേഖലകളായി മാറുന്നു
- സുനാമിയും ചുഴലിയും ഉൾപ്പെടെയുള്ള പ്രകതിശക്തികളെ പ്രതിരോധിക്കുന്നു
- അഴിമുഖത്ത് അടിഞ്ഞുകൂടുന്ന മാലിന്യങ്ങൾ പിടിച്ചെടുക്കുന്നു.
- നദികളിലൂടെ ഒഴുകിയെത്തുന്ന ജലത്തിൽ കാരിയത്തിൻേറയും കാഡ്മിയത്തിൻേറയും മെർക്കുറിയുടേയും അംശമുണ്ട്. അഴിമുഖങ്ങളിൽ വച്ച് ഇവ സ്വീകരിച്ച് ജലശുദ്ധീകരണം നടത്തുന്നു.

നാൽപ്പതു വർഷങ്ങൾക്കുമുൻപ് 700 ചതുരശ്രകിലോമീറ്റർ വിസ്ത്രതിയുണ്ടായിരുന്ന കണ്ടലുകൾ ഇന്ന് കേവലം 17 ച.കി.മീ. മാത്രമായി ചുരുങ്ങിയിരിക്കുന്നു

## മുഖ്യ പ്രബന്ധം രണ്ട്

**വിഷയാവതരണം : ശ്രീ ആർച്ച് ബാൾഡ്**

പരവൂർ കായൽ, ഇത്തിക്കരയാറ് സംരക്ഷണസമിതി പ്രസിഡൻറ്

**വിഷയം:**

- നീർത്തടാധിഷ്ഠിത വിഭവവിനിയോഗവും പരമ്പരാഗത ഉപജീവനരീതികളും
- പരവൂർ കായൽതീരത്തെ കണ്ടൽ കൃഷിരീതികളും സംരക്ഷണവും പരിപാലനവും (ഹരിതതീരം പദ്ധതി)
- ഭക്ഷ്യസുരക്ഷയിൽ തണ്ണീർത്തടങ്ങളുടേയും നദീതടകൃഷിയുടേയും കണ്ടലിൻേറയും പങ്ക്
- നാശോന്മുഖമായ പരിസ്ഥിതി ലോലപ്രദേശങ്ങളുടെ പുനസ്ഥാപനത്തിൽ നിർമ്മാണ പ്രവർത്തനങ്ങൾ ഒഴിവാക്കേണ്ടതിൻെറ ആവശ്യകത
- ഇല്ലാതായിക്കൊണ്ടിരിക്കുന്ന ശുദ്ധജല ജീവിവർഗ്ഗങ്ങളുടെ സംരക്ഷണവും ജൈവവൈവിധ്യവും

മനുഷ്യനും സകല ജീവജാലങ്ങൾക്കും ജീവിക്കാനാവശ്യമായ വിഭവങ്ങൾ ഒരുക്കിയും നിലനിൽപ്പിനാവശ്യമായ സുരകഷാസംവിധാനങ്ങൾ ഒരുക്കിയുമാണ് പ്രകതിയെ സംവിധാനം ചെയ്യിരിക്കുന്നത് എന്നു നമുക്കു കാണാം. ദൈവത്തിൻെറ സ്വന്തംനാടായ, സംസ്കാരസമ്പന്നരും ശാസ്ത്രസാങ്കേതിക രംഗങ്ങളിൽ മികവുപുലർത്തുന്നവരുമായ ഒരു ജനത അധിവസിക്കുന്ന നമ്മുടെ നാട്ടിൽ 44 നദികൾ ഒഴുകുന്നു. ഏറ്റവും മഴ ലഭിക്കുന്ന ഒരു സംസ്ഥാനമായ കേരളത്തിൽ മഴക്കാലം കഴിയുമ്പോഴേക്ക് ജലദൗർലഭ്യം അനുഭവപ്പെടുകയും കടുത്ത വറുതിയിലേക്ക് കൂപ്പുകുത്തുകയും ചെയ്യുന്നു. ഇതിന വ്യക്തമായ ഉദാഹരണമാണ് പരവൂർകായൽ.

കേരളത്തിലെ പ്രശസ്തവും പ്രകൃതിദത്തവുമായ പരവൂർ പൊഴി പരവൂർ കായലിൻെറ തെക്കുപടിഞ്ഞാറ്ഭാഗത്ത് സ്ഥിതിചെയ്യിരുന്നു. വർഷകാലത്ത് ഇത്തിക്കരയാറിലൂടെ ഒഴുകിയെത്തുന്ന മലവെള്ളം പരവൂർകായലിൽ പതിച്ച് കായലിലൂടെ ഏകദേശം മൂന്നു കിലോമീറ്ററോളം ദൂരം ഒഴുകി പൊഴിയിലൂടെ കടലിലെത്തുന്നു. ഇടവം, തുലാം മാസങ്ങളിലാണ് പൊഴി മുറിഞ്ഞിരുന്നത്.

കൊല്ലം ജില്ലയുടെ തെക്കൻ മേഘലകളായ ഇരവിപുരം, താന്നി, മയ്യനാട്, മുക്കം, കുറുമണ്ടൽ, നെടുങ്ങോലം എന്നീ പ്രദേശങ്ങളും കിഴക്ക് ഇത്തിക്കരയാറ് ആരംഭിക്കുന്ന കുളത്തൂപ്പുഴ മുതൽ പരവൂർ കായൽ വരെയുള്ള ഏകദേശം അമ്പത് കിലോമീറ്ററോളം വരുന്ന ഇത്തിക്കരയാറിൻെറ ഇരുകരകളെയും വെള്ളപ്പൊക്കകെടുതികളിൽനിന്നും സംരക്ഷിക്കുവാൻ പ്രകൃതി സ്വയം ഒരുക്കിയ മാർഗമാണ് പരവൂർ പൊഴി.

ഇത്തിക്കര ഏലാ വികസനത്തിൻെറ പേരിലും തീരദേശ റോഡ് നിർമ്മാണത്തിൻെറപേരിലും പ്രകൃതി ഒരുക്കിയിരുന്ന ഈ പൊഴിമൂടുകയും പകരം ചീപ്പ് നിർമിക്കുകയും ചെയ്യു. സ്ഥാനം തെറ്റിയുള്ള ചീപ്പ് നിർമ്മാണം ഫലത്തിലേറെ ദോഷംചെയ്യു. പടിഞ്ഞാറോട്ടോഴുകുന്ന മലവെള്ളം തീരത്തിൻെറ തെക്കുവശത്ത് നിർമ്മിച്ച് ചീപ്പിലൂടെ ഒഴുക്കിവിടാനാകാതായതോടെ മൂടിവെച്ചിരുന്ന പൊഴി പിന്നെയും മുറിഞ്ഞു. എൺപത്തിയാറിനുശേഷം വൻ പാറകൾ അടുക്കി പൊഴി മൂടുകയും തീരദേശറോഡ് നിർമ്മിക്കുകയും ചെയ്യു. ഇതേത്തുടർന്ന് കൊല്ലം തിരുവനന്തപുരം തീരദേശ ബസ്സ്സർവ്വീസ് ആരംഭിക്കുകയുണ്ടായി. എന്നാൽ 1992 ൽ ഉണ്ടായ വെള്ളപ്പൊക്കത്തിൽ ചീപ്പിലൂടെ വെള്ളം പോയിത്തീരുന്നത് അസാദ്ധ്യമാവുകയും എന്നാൽ പൊഴി മുറിയാതാവുകയും ചെയ്യതോടെ ജില്ലയുടെ തെക്കൻ മേഘലയും കിഴക്ക് ഇത്തിക്കരയാറിൻെറ ഇരുകരകളും ആരംഭസ്ഥലം മുതൽ വെള്ളത്തിനടിയിലാവുകയും ദേശീയപാത കടന്നുപോകുന്ന ഇത്തിക്കര പാലത്തിൽ ഗതാഗതം തടസ്സപ്പെടുകയും

ചെയ്തതോടെ അന്ന് മത്സ്യബന്ധനതുറയായിരുന്ന മയ്യനാട് പഞ്ചായത്തിലെ മുക്കംതുറ കടലിൽ ഒലിച്ചുപോയി. ഈ ദുരന്തത്തിൽ എട്ട് ഏക്കറോളം തെങ്ങിൻതോപ്പും മത്സ്യത്തൊഴിലാളികളുടെ വീടുകളും തൊഴിലുപകരണങ്ങളും അവ സൂക്ഷിച്ചിരുന്ന പണ്ടകശാലകളും ഇവിടെയുണ്ടായിരുന്ന മുസ്ലിം ആരാധനാലയവും തുറയിലൂടെ ഒലിച്ചുപോയി.

മയ്യനാട് പഞ്ചായത്തിൻെറ കടലോര മത്സ്യബന്ധനതുറയാണ് മുക്കംതുറ. ചാത്തന്നൂർ നിയോജകമണ്ഡലത്തെയും ഇരവിപുരം നിയോജകമണ്ഡലത്തെയും വേർതിരിക്കുന്നത് പരവൂർ പൊഴിയായിരുന്നു. പൊഴിയുടെ തെക്കുവശം ചാത്തന്നൂർ നിയോജകമണ്ഡലവും വടക്കുവശം ഇരവിപുരം നിയോജകമണ്ഡലവും സ്ഥിതിചെയ്യുന്നു. പരവൂർമുനിസിപ്പാലിറ്റിയെയും മയ്യനാട് പഞ്ചായത്തിനെയും വേർതിരിക്കുന്നതും പരവൂർ പൊഴിയായിരുന്നു. പരവൂർ പൊഴിയുടെ വടക്കുവശത്തുനിന്നുതുടങ്ങി കൊല്ലം കോർപ്പറേഷൻെറ അതിർത്തിയായ താന്നിവരെ ഏകദേശം രണ്ട് കിലോമീറ്ററിൽക്കൂടുതൽ നീളത്തിലും 50 മുതൽ 100 വരെ മീറ്റർ വീതിയിലും കായലിനും കടലിനും ഇടയിൽ ഒരു ബെൽറ്റ്പോലെ സ്ഥിതിചെയ്യുന്ന കടലോരപ്രദേശമാണു ലക്ഷ്മിപുരം തോപ്പ് ഉൾപ്പെടുന്ന മുക്കം. ജില്ലയിലെതന്നെ പ്രശസ്തമായ മത്സ്യബന്ധനതുറയാണു മുക്കം. മനുഷ്യ ശക്തി മാത്രം ഉപയോഗിച്ചുള്ള മത്സ്യബന്ധനരീതിയാണിവിടെ അനുവർത്തിച്ചു പോരുന്നത്. കമ്പാവല, കട്ടമരം, ചൂണ്ട എന്നിവകൊണ്ടാണു മത്സ്യബന്ധനത്തിലേർപ്പെടുന്നത്. ആയിരത്തോളം തൊഴിലാളികൾ മത്സ്യബന്ധന-അനുബന്ധ തൊഴിലുകളിൽ ഏർപ്പെടുന്നു. കടലാക്രമണത്തിൽനിന്നും തീരം സംരക്ഷിക്കാനായി കടൽഭിത്തി നിർമ്മാണം ആരംഭിച്ചപ്പോൾ ഈ പ്രദേശത്തെ തൊഴിലാളികൾക്ക് അവരുടെ തൊഴിലിനു തടസമാകുമെന്നതിനാൽ അവർ സമരം ചെയ്തു. അങ്ങനെ അവർ നേടിയെടുത്ത അവരുടെ തൊഴിൽമേഖലയാണു മുക്കംതുറ. ഈ സ്ഥലമാണു വെള്ളപ്പൊക്കത്തിൽ ഒലിച്ചുപോവുകയും വീണ്ടും സർക്കർ സഹായത്തോടെ പുനഃസ്ഥാപിക്കുകയും വീണ്ടും വെള്ളാപ്പൊക്കം ഉണ്ടാവുമ്പോൾ സർക്കാർ തന്നെ നേരിട്ട് പൊഴി മുറിച്ചുവിടുന്നതും. ഇതുമൂലം മത്സ്യത്തൊഴിലാളികൾക്ക് വർഷത്തിൻെറ മുക്കാൽഭാഗവും തൊഴിൽ ചെയ്യുവാനാവാതെവരുന്നു. ഒടുവിൽ മുറിച്ച പൊഴിയിലൂടെ മത്സ്യത്തൊഴിലാളികൾതന്നെ ഒഴുകിപ്പോയി മുങ്ങിമരിച്ചിട്ടുണ്ട്. ഇതിൽ ഒരാളുടെ മൃതദേഹം പോലും ഇതുവരെ കിട്ടിയിട്ടില്ല. കൂടാതെ വിദ്യാർഥികളായ അഞ്ചുപേർ ഇവിടെ വീണു മരിച്ചിട്ടുണ്ട്. ആയതിനാൽ ഇനിയും കൂടുതൽ ദുരന്തങ്ങൾ ഉണ്ടാകാതിരിക്കാനായി വർഷകാലം ആരംഭിക്കുന്നതിനു മുൻപ് തന്നെ പരവൂർ പൊഴി തുറക്കാൻ വേണ്ട കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്.

പരവൂർ കായൽ ഉൾനാടൻ മത്സ്യസമ്പത്തിൻെറ അക്ഷയഖനിയായിരുന്നു. ആണ്ട് മുഴുവൻ ചെമ്മീൻ സുലഭമായി ലഭിക്കുന്ന കേരളത്തിലെ ഏക കായലും പരവൂർ കായൽതന്നെ. കൂടാതെ ഞണ്ട്, കണമ്പ് കരിമീൻ തുടങ്ങിയ മത്സ്യങ്ങളും സുലഭമായി ലഭിച്ചിരുന്നു. മത്സ്യമേഖലയിലെ ക്ഷാമകാലത്ത് ആലപ്പുഴ, തിരുവനന്തപുരം തുടങ്ങിയ സമീപ ജില്ലകളിൽനിന്നുപോലും ഉൾനാടൻ മത്സ്യത്തൊഴിലാളികൾവരെ ഇവിടെവന്നു മത്സ്യബന്ധനം നടത്താറുണ്ടായിരുന്നു. പൊഴി മൂടിയതോടെ മത്സ്യസമ്പത്ത് കുറയുകയും തൊഴിലാളികൾക്ക് ജീവിതമാർഗ്ഗം അടയുകയും ചെയ്തു.

തീരദേശപാത യാഥാർഥ്യമായാൽ ടൂറിസം മേഖലയ്ക്ക് അനന്തസാധ്യതകളുള്ള ഇവിടം കൊല്ലം ജില്ലയുടെ ടൂറിസം പദ്ധതികളുടെ പ്രവേശനകവാടമായി മാറും. കായലിൽ ചീപ്പിലൂടെ മണൽ അടിഞ്ഞുകൂടി തുരുത്തുകൾ ഉണ്ടായതോടെ വിനോദസഞ്ചാരികളെ ഏറെ ആകർഷിച്ചിരുന്ന പരവൂർ കായലിലൂടെയുള്ള സഞ്ചാരം ഇന്ന് അസാദ്ധ്യമായി മാറിയിരിക്കുന്നു. ആറു മീറ്റർ ആഴമുണ്ടായിരുന്ന ചീപ്പിൻെറ മുഖത്ത് വർഷകാലം കഴിയുന്നതോടെ കുട്ടികൾ ക്രിക്കറ്റ് കളിക്കുന്ന കളിക്കളങ്ങളായി മാറും.

ചീപ്പിൻെറ അറ്റകുറ്റപ്പണികൾക്കും മറ്റ് പുനർനിർമ്മാണത്തിനുമായി സർക്കാർ ലക്ഷങ്ങൾ ചെലവഴിക്കുമ്പോൾ ചീപ്പ് പരവൂർ കായലിനെ കൊന്നുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഒരു ചീപ്പ് ഇനിയും നിലനിർത്തണമോഎന്ന് അധിഃകതർ ആലോചിക്കേണ്ടതാണ്. ഇത്തിക്കര വികസന ത്തിൻെറ പേരിലും തീരദേശ റോഡിൻെറ പേരിലും ആണല്ലോ പൊഴി നികത്തി ചീപ്പ്

നിർമ്മിച്ചത്. എന്നാൽ വ്യാപകമായ ചെളിയെടുപ്പും മണലൂറ്റും മൂലം ഇത്തിക്കര ഏലാതന്നെ ഇല്ലാതായിരിക്കുന്നു. വെള്ളപ്പൊക്കം മൂലം മുക്കംതുറയും അവിടെയുണ്ടായിരുന്ന റോഡും ഒലിച്ചുപോവുകയും ചെയ്യുന്നതുകൊണ്ട് തീരദേശറോഡും ഇല്ലാതായിരിക്കുന്നു.

കായലിൽ മണലടിഞ്ഞുകൂടുകയും തുരുത്തുകൾ ഉണ്ടാവുകയും ചെയ്യതോടെ കായൽ നശിക്കുകയും തന്മൂലം മത്സ്യത്തൊഴിലാളികൾക്ക് അവരുടെ ഉപജീവനമാർഗ്ഗം ഇല്ലാതാവുകയും ചെയ്യുന്നു. കുളത്തൂപ്പുഴമുതൽ മുക്കംതീരംവരെ വെള്ളപ്പൊക്കക്കെടുതികളിൽ നിന്നുള്ള ദുരന്തങ്ങളിൽനിന്നും രക്ഷിക്കുവാനും ഉൾനാടൻ, കടലോര മത്സ്യത്തൊഴിലാളികൾക്കും അവരുടെ അനുബന്ധതൊഴിലാളികൾക്കും അവരുടെ തൊഴിൽ സാധ്യമാക്കുവാനും പരവൂർകായലിനേയും ഇത്തിക്കരയാറിനേയും സർവ്വനാശത്തിൽനിന്നും സംരക്ഷിക്കുവാനും വേണ്ടി പരവൂർ പൊഴി തുറക്കുകയും അനുബന്ധവികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടുന്ന നടപടികൾ കൈക്കൊള്ളുന്നതിനും പരവൂർകായലിലേയും ഇത്തിക്കരയാറിൻേറയും തീരങ്ങളിലെ ആവാസവ്യവസ്ഥകളേയും സംരക്ഷിക്കുന്നതിനും മയ്യനാട് പഞ്ചായത്തിലെ പാടശേഖരങ്ങളേയും ആവാസവ്യവസ്ഥകളേയും സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടി പഞ്ചായത്ത് മെംബറും സമിതിയും മുന്നോട്ട് വയ്ക്കുന്ന നിർദ്ദേശങ്ങൾ:

**നിർദ്ദേശങ്ങൾ**

1) കേരളത്തിലെ പ്രശസ്തവും പ്രകൃതിദത്തവുമായ പരവൂർ പൊഴി യഥാസ്ഥാനത്ത് തുറക്കുക

2) വർഷകാലങ്ങളിലുണ്ടാവുന്ന വെള്ളപ്പൊക്കവും പ്രകൃതിക്ഷോഭവും മൂലം ഉണ്ടാവുന്ന ദുരന്തങ്ങളിൽ നിന്ന് നാടിനെ രക്ഷിക്കാനെന്നരീതിയിൽ മുക്കം മത്സ്യബന്ധനതുറ പൊഴിയാക്കുന്ന രീതി അവസാനിപ്പിക്കുക

3) പരവൂർ ചീപ്പിലൂടെ കായലിൽ കടൽമണ്ണടിഞ്ഞ് കായൽ നികരുന്നത് തടയുക

4) പ്രകൃതിദത്തമായ പൊഴി പുനഃസ്ഥാപിച്ച ശേഷം അതിനുമുകളിലൂടെ പാലം പണിത് തീരദേശറോഡ് യാഥാർഥ്യമാക്കുക

5) പൊഴി മുറിക്കുമ്പോൾ പൊഴിയുടെ ഇരുകരകളും സംരക്ഷിക്കുന്നതിനായി സംരക്ഷണ ഭിത്തി കെട്ടുക

6) കായലിലെ മത്സ്യസമ്പത്തിൻെറ വികസനത്തിനായി മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി പദ്ധതികൾ നടപ്പാക്കുക

7) ഇത്തിക്കരയാറും പരവൂർ കായലും സംരക്ഷിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കുക

8) പരവൂർകായലിൽ പൊഴി മുറിഞ്ഞും ചീപ്പിലൂടെയും അടിഞ്ഞുകൂടിയ മണൽതുരുത്തുകൾ പൂർണ്ണമായും നീക്കം ചെയ്യുക

9) ഫിഷറീസ് ടൂറിസം (പരമ്പരാഗതരീതിയിലുള്ള) പദ്ധതികൾ മത്സ്യത്തൊഴിലാളികളെ ഉൾപ്പെടുത്തി നടപ്പാക്കുക

10) പരവൂർ പൊഴി മൂടിയപ്പോൾ ഉണ്ടായ കരഭാഗത്ത് എട്ട് കുടുംബങ്ങൾ കുടിൽകെട്ടി താമസിക്കുന്നു. മത്സ്യത്തൊഴിലാളികൾ ആയതിനാൽ ഇവർക്ക് തൊഴിൽ ചെയ്യുവാൻ സദ്ധ്യമാകുംവിധത്തിൽ പുനരധിവസിപ്പിക്കുക

11) വർഷകാലാരംഭത്തിനുമുൻപ് പൊഴി തുറക്കുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും കിഴക്കുനിന്നും ഇത്തിക്കരയാറിലൂടെ വെള്ളം ഒഴുകിയെത്തുകയും ചെയ്യാൽ വൻപാറകളടുക്കി നികത്തിയ ഭാഗത്തേക്ക് ചെല്ലാൻപോലും സാധിക്കില്ല. അതിനാൽ വർഷകാലാരംഭത്തിനു മുൻപായിത്തന്നെ പൊഴിതുറക്കുവാനാവശ്യമായ നടപടികൾ കൈക്കൊള്ളുക

## പ്രബന്ധം മൂന്ന്

**വിഷയാവതരണം** : **സയൂജ, ബ്ലോക്ക് ഡവലപ്മെൻറ് ഓഫിസർ,** ഇത്തിക്കര ബ്ലോക്ക്

**വിഷയം** :

- ഇത്തിക്കരയാറും അതിൻെറ ഇന്നത്തെ ശോച്യാവസ്ഥയും.
- ഇത്തിക്കരയാറും തീരവും സംരക്ഷണത്തിനായി നിലവിലുള്ള പ്രവർത്തനങ്ങളും നടപടികളും
- ഇത്തിക്കരയാറിൻെറ സംരക്ഷണത്തിനുപരിപാലനത്തിനും ദീർഘവീക്ഷണത്തോടെയുള്ള ഭരണതലത്തിലുള്ള പദ്ധതികൾ

നമ്മുടെ ഭൂമിയുടെ ജീവനാഡികളാണ് നദികൾ. ലോകമെമ്പാടുമുള്ള സംസ്കാരങ്ങൾ ഒന്നുപരിശോധിച്ചാൽ അവ ഉടലെടുത്തിരിക്കുന്നത് നദീതടങ്ങളിലാണെന്ന് നമുക്കു കാണുവാൻ കഴിയും. ഇങ്ങനെ നദീതടങ്ങളിൽ ഉടലെടുത്ത സംസ്കാരങ്ങൾ വളർന്നുവന്ന് ഒരുപാട് മുന്നിലേക്ക് പോയപ്പോൾ നമ്മുടെ സൗകര്യങ്ങൾക്കും കൂടുതലായ ആവശ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനും വേണ്ടി നമ്മുടെ പ്രകൃതി വിഭവങ്ങളെ നാം അനിയന്ത്രിതമായി ചൂഷണം ചെയ്യുവാൻ തുടങ്ങി. നമുക്കു ജീവജലം പകർന്നുതന്നിരുന്ന നദികളെ ഒരുവശത്തുനിന്നും നികത്തുവാനും മറുവശത്ത് അടിത്തട്ട് കുഴിച്ച് മണലെടുക്കുവാനും തുടങ്ങി. ഒരുപക്ഷേ ഇനിയൊരു തിരിച്ചുവരവ് അസാദ്ധ്യമെന്ന നിലയിലേക്ക് നാം ഇപ്പോൾത്തന്നെ എത്തിയിട്ടുണ്ട്. പക്ഷേ ഇതിൻെറ പ്രത്യാഘാതം മനസ്സിലാകുവാൻ നാം ഇനിയും ഏറെനാൾ എടുത്തുവെന്നു വരാം. ഒരു ദുരന്തമുണ്ടായാൽ മാത്രം തിരിച്ചറിവുണ്ടാവുക എന്ന ദൗർഭാഗ്യകരമായ മനോഭാവത്തിനുടമകളാണല്ലോ നാമൊക്കെ.

നമ്മുടെ നദികളും പുഴകളും കുന്നുകളും ഒക്കെ കവർന്നെടുക്കുന്നത് മണൽ മാഫിയകളും കരിങ്കൽ ക്വാറികളുമൊക്കെയാണെന്ന് ആരോപിച്ച് നമ്മൾ സ്വയം രക്ഷപ്പെടുവാൻ ശ്രമിക്കുന്നു. എന്തിനായാണ് അവർ മണൽ വാരുകയും കരിങ്കല്ല് വെട്ടിയെടുക്കുകയും ചെയ്യുന്നത്? ഇതിനൊക്കെ ആവശ്യമുള്ളതുകൊണ്ട്; ഇതിനൊക്കെ ആവശ്യക്കാരുള്ളതുകൊണ്ട്. ആരാണ് ഇതിൻെറ ആവശ്യക്കാർ? നമ്മൾ ഓരോരുത്തരും തന്നെയാണ്. നമ്മൾ നിലവിലുള്ള ജീവിതസാഹചര്യങ്ങളെ മറന്ന് കൂടുതൽ കൂടുതൽ സൗകര്യങ്ങൾ ആഗ്രഹിക്കുമ്പോൾ ഭൂമിയിൽനിന്നും കിട്ടുന്ന അസംസ്കൃതവസ്തുക്കളുടെ ലഭ്യത കുറയുന്നു; വില കൂടുന്നു.

പ്രകൃതിയേയും പ്രകൃതിവിഭവങ്ങളേയും വിൽപ്പനവസ്തുക്കളായിക്കണ്ടവർ ഇതൊരവസരമാക്കി പരമാവധി ലാഭമുണ്ടാക്കുവാൻ ശ്രമിക്കുന്നു. ചുരുക്കത്തിൽ ഇന്നു വളർന്നുവരുന്ന ഈ സംസകാരത്തിൻെറ ഉത്തരവാദികൾ നമ്മൾ ഓരോരുത്തരുമാണ്. കേവലം ഒരു നദിയുടെയോ പുഴയുടേയോ സംരക്ഷണം മാത്രമാവരുത് നമ്മുടെ ലക്ഷ്യം. മറിച്ച് നമ്മൾ മണ്ണിൽനിന്നു വന്നവരാണ്. മണ്ണും ജലവും നമുക്കും വരാനിരിക്കുന്ന തലമുറകൾക്കും ആവശ്യമാണ്. ഇത് സംരക്ഷിക്കേണ്ടത് നാം ഓരോരുത്തരുടേയും കടമയാണ് എന്ന് സയം ചിന്തിക്കുന്ന ഒരു സംസ്കാരത്തിലേക്ക് നമ്മുടെ ഇന്നത്തെ തലമുറയെങ്കിലും എത്തിച്ചേരേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

കൊല്ലം ജില്ലയിലൂടെ ഒഴുകുന്ന ഒരു പ്രധാനപ്പെട്ട നദിയാണ്, ഒരു പധാനജലസ്രോതസ്സാണ് ഇത്തിക്കരയാറ്. ഇത്തിക്കര ബ്ലോക്കിൽ അഞ്ചു പഞ്ചായത്തുകളാണുള്ളത്. ഇത്തിക്കര ബ്ലോക്കിലുള്ള അഞ്ചു പഞ്ചായത്തുകളിലൂടെയും അതുകൂടാതെ കൊട്ടാരക്കര ബ്ലോക്കിലുള്ള രണ്ട് പഞ്ചായത്തുകൾ, മുഖത്തല ബ്ലോക്കിലുള്ള മയ്യനാട് പഞ്ചായത്ത് എന്നിവയിലൂടെയും ഒഴുകുന്ന ഒരു പ്രധാന ജലസ്രോതസ്സാണ് ഇത്തിക്കരയാറ്. എനിക്കും നിങ്ങൾക്കും എല്ലാവർക്കും അറിയാം ഇത്തിക്കരയാറിൻെറ മണലിന സ്വർണ്ണത്തേക്കാൾ വിലയുള്ളതാണെന്ന്. അതുകൊണ്ടുതന്നെ ഗവൺമെൻറിൻെറ അനുമതിയോടുകൂടിയും അതില്ലാതെയും വളരെവലിയതോതിൽ മണൽഖനനം നടക്കുന്നുണ്ട്.

ഇത്തിക്കരയാറിൻെറ വശങ്ങൾ പലപ്പോഴും ഇടിഞ്ഞുവീഴുകയും ഇത്തിക്കരയാറിൽ വലിയ കയങ്ങൾ രൂപപ്പെടുകയും നമ്മുടെ നിരവധി കുഞ്ഞുങ്ങൾക്കും പരിസരവാസികൾക്കും ഈ കയങ്ങളിൽ വീണ ജീവഹാനി സംഭവിക്കുകയും ഉണ്ടായിട്ടുണ്ട്. പക്ഷേ പലപ്പോഴും നൈമിഷികമായ ഒരു പ്രതികരണം മാത്രമാണ് നമ്മളിൽനിന്ന് ഉണ്ടാവുന്നത്. നമുക്ക് വേണ്ടത് എന്താണ്? നമുക്ക് വേണ്ടത് പുതിയ ഒരു സംസ്കാരമാണ്. നാം ജീവിക്കുന്ന ചുറ്റുപാട്, നാം ഉണ്ടായിവന്ന ഒരു ചുറ്റുപാട്, അതിനെ സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന നിലപാടിലേക്ക് നമുക്ക് നീങ്ങണം. ഈ ഒരു നിലപാട് നമ്മുടെ മനസ്സിലുണ്ടാകാതെ ഗവണ്മെൻേറാ ഗവണ്മെൻറിതര സംഘടനകളോ എന്തൊക്കെ പുതിയ പദ്ധതികൾ കൊണ്ടുവന്നാലും നമുക്ക് നടപ്പിലാക്കാൻ സാധിക്കില്ല. ഇതിന് ഒരുതരത്തിലുമുള്ള പ്രയോജനവും ഉണ്ടാക്കിയെടുക്കാൻ സാധിക്കുന്നതല്ല. എന്നാൽ നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് കോടികളുടെ ഫണ്ടുണ്ട്. പക്ഷേ നമ്മുടെ ജനങ്ങളുടെ മനസ്സിൽ വികസനം എന്നുപറയുന്നത് അടിസ്ഥാനപരമായി മണ്ണും കല്ലും സിമൻറും ഉപയോഗിച്ച് നിർമ്മിക്കുന്ന നിർമ്മിതികളുടെ അളവിലാണ. പലപ്പോഴും ജനപ്രതിനിധികൾക്കും ജനങ്ങൾക്കും ഫണ്ടിനുമിടയിലിരുന്ന് ജോലിചെയ്യുന്ന ഒരാൾ എന്ന നിലയിൽ, ജനപ്രതിനിധികളുടെ സംഘർഷം പലപ്പോഴും മനസ്സിലാകേണ്ടിവരുന്ന ഒരാൾ എന്ന നിലയിൽ അവർക്കുവേണ്ടിയും ഞാൻ പറഞ്ഞുകൊള്ളട്ടേ, പലപ്പോഴും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് ലഭിക്കുന്ന ഫണ്ടിൻെറ നല്ല ഒരു പങ്കും റോഡ് വികസനത്തിനും ഓടവെട്ടുന്നതിനും കലുങ്ക് വെട്ടുന്നതിനും ഒക്കെ ജനപ്രതിനിധികൾക്ക് മനസില്ലാ മൻസ്സോടുകൂടിയാണ് വിനിയോഗിക്കേണ്ടിവരുന്നത്. സുസ്ഥിരവികസനം അഥവാ sustasinsble development എന്നു പറയാവുന്ന രീതിയിലുള്ള ഒരു പദ്ധതിയിലേക്കും ഈ പണം ചെലവാക്കാനുള്ള ഒരു അവസരം പലപ്പോഴും കിട്ടാറില്ല. കാരണം പുറത്തേക്ക് ഇറങ്ങിച്ചെന്നാൽ അവർക്കുവേണ്ടി വോട്ട് ചെയ്ത ജനങ്ങൾ അവരോട് ചോദിക്കും നിങ്ങൾ എത്ര റോഡ് ചെയ്തു, എത്ര ഓട ചെയ്തു, അല്ലെങ്കിൽ എത്ര നടപ്പത ചെയ്തു എന്ന്. ആ രീതിയിൽ ചെയ്തിട്ടുള്ള ജനപ്രതിനിധികൾക്കുമാത്രമേ പിന്നീട് വോട്ട് നൽകാൻ അവർ തയ്യാറാവുകയുള്ളൂ. ആദ്യമേ തന്നെ ആ സങ്കൽപ്പം മാറ്റിയാൽ മാത്രമേ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഫണ്ട്കൊണ്ട് സുസ്ഥിരമായിട്ടുള്ള നമ്മുടെ ഭൂമിയുടെ നിലനിൽപ്പിന് സഹായകമായ രീതിയിലുള്ള വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ സാധിക്കുകയുള്ളൂ. അതുകൊണ്ടുതന്നെയാണ IWMP (Integrated Watershed Management Programme) അല്ലെങ്കിൽ സംയോജിത നീർത്തട പരിപാലന പരിപടി എന്ന പേരിൽ കേന്ദ്രഗവണ്മെൻറ് ഒരു പുതിയ പദ്ധതി ആവിഷ്കരിച്ചത്. നമ്മുടെ ചുറ്റുമുള്ള പരിസ്ഥിതിയുടെ സന്തുലനം നിലനിർത്തിക്കൊണ്ടുതന്നെ ഭക്ഷ്യസുരക്ഷയും അതോടൊപ്പംതന്നെ ജനങ്ങാൾക്ക് തൊഴിൽ ചെയ്യുന്നതിനുള്ള അവസരവുംകൂടെ ഒന്നിച്ച് കോർത്തിണക്കിക്കൊണ്ടുള്ള ഒരു പരിപാടിയാണ് IWMP (Integrated Watershed Management Programme) അല്ലെങ്കിൽ സംയോജിത നീർത്തട പരിപാലന പരിപടി. കൊല്ലം ജില്ലയിൽ സംയോജിത നീർത്തട പരിപാലന പരിപടിയുടെ ബ്ലോക്ക് അല്ലെങ്കിൽ Implimenting agencyയായി തെരഞ്ഞെടുത്തിരിക്കുന്നത് ഇത്തിക്കര ബ്ലോക്ക്കിനെയാണ്. ഇത്തിക്കരയാറ് ഒഴുകുന്ന പഞ്ചായത്തുകളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് Watershed അല്ലെങ്കിൽ നീർത്തടം എന്ന സങ്കൽപ്പത്തിനെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് ഈ പരിപാടി മുന്നോട്ട് നീങ്ങുന്നത്. ഇത്തിക്കരയാറിനെ ആ പ്രദേശത്തെ ഒരു പ്രധാന ജലസ്രോതസ്സായി കണ്ടുകൊണ്ട് ഇതിൻെറ പരിസരത്തുള്ള പ്രദേശങ്ങളിൽനിന്നുള്ള ജലം ഇത്തിക്കരയാറിലേക്കാണ് ഒഴുകിചേരുന്നത് എന്ന സങ്കൽപ്പത്തിൽ Watershed എന്ന concept നെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് Integrated Watershed Management Programme അല്ലെങ്കിൽ സംയോജിത നീർത്തട പരിപാലന പരിപടി രൂപപ്പെടുത്തിയിരിക്കുന്നത്. Reap/Reach to Valee എന്ന ഒരു concept ലാണ് IWMPൽ ഭൂവികസനം അല്ലെങ്കിൽ ഈ പ്രോജക്റ്റിൻെറ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്. നമ്മുടെ മണ്ണിനെയും ജലത്തെയും നിലനിർത്തുന്ന ഏറ്റവും പ്രധാനപ്പെട്ട ഘടകം മഴയാണ്. നമുക്കവശ്യമായ ജലം കിട്ടുന്നത് മഴയിൽനിന്നാണ്. ഈ മഴയിൽ നിന്നു ലഭിക്കുന്ന വെള്ളം അതു പതിക്കുന്ന

പ്രദേശത്തുനിന്നുതന്നെ ഭൂമിയിലേക്ക് ഇറങ്ങിച്ചെന്നാൽമാത്രമേ അവിടുത്തെ ഭൂഗർഭ ജലവിതാനം ഉയരുകയും അതോടൊപ്പംതന്നെ ആ പ്രദേശത്തുള്ള ജീവജാലങ്ങൾക്കാവശ്യമായ ജലം ലഭിക്കുകയുള്ളൂ. പലപ്പോഴും ജലം ഉയരമുള്ള പ്രദേശങ്ങളിൽ പതിക്കുമ്പോൾ സ്വാഭാവികമായുള്ള ഭൂമിയുടെ കിടപ്പുകൊണ്ടുതന്നെ താഴേക്ക് ഒഴുകിപ്പോകാനും ആ പ്രദേശത്തുതന്നെയുള്ള ഏതെങ്കിലും ജലസ്രോതസ്സിൽചെന്നെത്തിച്ചേരുവാനും നമ്മുടെ ഭൂഗർഭ ജലവിതാനം ഉയർത്തുവാനുമുള്ള സംവിധാനം പ്രകതിദത്തമായിത്തന്നെ നിലവിലുണ്ടായിരുന്നു. എന്നാൽ നമ്മൾ നമ്മുടെ താൽപ്പര്യങ്ങൾക്കായി ഉയരമുള്ള കുന്നുകൾ ഇടിച്ചുതാഴ്ത്തുകയും നദികളുടേയും അരുവികളുടെയും ചാലുകളുടെയും ഗതി മാറ്റിവിടുകയും പല തോടുകളും അടച്ചുവയ്ക്കുകയും ചെയ്യുന്നു. മഴയായിട്ട് പതിക്കുന്ന ജലത്തിന അതിൻെറ കൃത്യമായ പാതകളിലൂടെ ചെന്ന് ഭൂഗർഭത്തിലെത്താനും ഭൂഗർഭജലവിതാനം ഉയർത്താനുമുള്ള സൗകര്യം ലഭിക്കാതെ വരുന്നു. ഇത് തൊട്ടടുത്ത ഏതെങ്കിലും ഒരു താഴ്ന്ന സ്ഥലത്തുകൂടി ഒഴുകി വളരെവേഗം കടലിൽ പതിക്കുകയും ചെയ്യുന്നു. തന്മൂലം മഴക്കാലം കഴിയുന്നതോടെ ജലക്ഷാമം രൂക്ഷമാവുകയും ചെയ്യുന്നു. ഇത്തിക്കരയാറൊഴുകുന്ന പഞ്ചായത്തുകളിലെല്ലാം ഭൂഗർഭജലവിതാനം ക്രമാതീതമായി കുറഞ്ഞുവരുന്നതായി പഠനങ്ങൾ ചൂണ്ടിക്കാട്ടുന്നു. ഇതിനുകൂടി ഒരു പരിഹാരം എന്ന നിലയിൽ Reef to vale അതായത് ഉയരങ്ങളിൽ നിന്ന് താഴ്വാരങ്ങളിലേക്കുള്ള മണ്ണൊലിപ്പ് തടഞ്ഞുകൊണ്ട് ആ പ്രദേശങ്ങളിൽ പതിക്കുന്ന ജലത്തെ അതേപ്രദേശത്തുതന്നെ ഇറങ്ങിപ്പോകാനുള്ള ഒരു വികസനസംവിധാനമാണ് IWMP. സാധാരണ ഗതിയിലുള്ള ഒരു ഡവലപ്മെൻറ് പ്രോഗ്രം ജനപ്രതിനിധികൾ അല്ലെങ്കിൽ ഉദ്യോഗസ്ഥർ ഇടപെട്ട് നടത്തുമ്പോൾ അതിന് അതിൻേറതായ ചില പ്രശ്നങ്ങളും താമസങ്ങളും അല്ലെങ്കിൽ ചില ആരോപണങ്ങളും പലപ്പോഴും ഉണ്ടാവാറുണ്ട്. കാരണം ജനങ്ങൾ നേരിട്ട് ഇടപെടുന്നില്ല എന്നതുകൊണ്ടുതന്നെ. എന്നാൽ പൂർണമായും പദ്ധതിപ്രദേശത്തുള്ളവർ ഇടപെട്ട് നടത്താവുന്ന രീതിയിലുള്ള ഒരു സംഘടനാസംവിധാനമാണ് IWMP കേന്ദ്രഗവണ്മെൻറ് നടപ്പിലാക്കിയിരിക്കുന്നത്. ഇത്തിക്കരയാറിൻെറ നീർത്തടപ്രദേശത്തെ മുഴുവൻ ഒന്നായിക്കണ്ട് ഇത്തിക്കരയെന്ന ഒരു ഒറ്റ നീർത്തടപ്രദേശമായും ഈ നീർത്തടത്തിൻെറ കീഴിൽ ഏഴു മൈക്രോവാട്ടർഷെഡ് അല്ലെങ്കിൽ ഏഴു ചെറു നീർത്തട പദ്ധതികൾ എന്ന നിലയിലുമാണ് വിഭാവന ചെയതിരിക്കുന്നത്. വിവിധ പഞ്ചായത്തുകളിലൂടെ ഒഴുകുന്ന ഇത്തിക്കരയാറിനെ അതതുപ്രദേശങ്ങളിലെ നീർത്തടപ്രദേശങ്ങളായിത്തന്നെ കണ്ടുകൊണ്ടാണ് ഏഴു നീർത്തട പദ്ധതികളും രൂപീകരിച്ചിരിക്കുന്നത്. ഈ ഏഴു നീർത്തടങ്ങൾക്കും ജനകീയമായ രീതിയിലാണ് ജില്ലാതല പദ്ധതികൾ നടപ്പിലാക്കിയിരിക്കുന്നത്. ഏതാണ്ട് ഏഴരക്കോടിയോളം രൂപയാണ് ഗവണ്മെൻറ് ഈ ഒരു പ്രോജക്ടിനായി നീക്കിവച്ചത്. ഇത്തിക്കര, കൊട്ടാരക്കര, മുഖത്തല എന്നീ മൂന്നു ബ്ലോക്കുകൾ ഈ പ്രോജക്ടിൽ ഉൾപ്പെടുന്നുണ്ടെങ്കിലും ഏറ്റവും കൂടുതൽ നീർത്തടപ്രദേശം ഇത്തിക്കര പ്രദേശത്താണ് എന്നതിനാൽ നിർവഹണം ഇത്തിക്കരബ്ലോക്കിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഈ ലഭ്യമായ ഫണ്ടിൻെറ 56%മാണ് നമുക്ക് ഭൂസംരക്ഷണം എന്ന രീതിയിലുള്ള പ്രവർത്തനങ്ങൾക്കായി ഉപയോഗികാൻ കഴിഞ്ഞിട്ടുള്ളത്. ബാക്കിവരുന്ന ഫണ്ടിൻെറ ഏതാണ്ട് 8% ത്തോളം തൊഴിൽ മേഘലയിൽ നമ്മുടെ ബ്ലോക്ക് സംവിധാനത്തിലൂടെ, നമുക്കറിയാ വുന്നതുപോലെ, സ്വയം സഹായ സഹകരണസംഘം എന്നു പറയുന്ന സംവിധാനത്തിലൂടെയാണ് തൊഴിൽ പരിശീലനം നടത്തിക്കൊണ്ടിരുന്നത്. അതേ കൺസപ്റ്റിലുള്ള ഗ്രൂപ്പുകളെ തെരഞ്ഞെടുത്തുകൊണ്ട് അവർക്ക് ഈ നീർത്തടങ്ങളുടെ സംരക്ഷണത്തിനുതകുന്ന സജീവ സഹകരണ മാർഗ്ഗങ്ങൾ അല്ലെങ്കിൽ ട്രൈബ്യൂട്ട് ആക്ടിവിറ്റി കണ്ടെത്തുക. അതോടൊപ്പം തന്നെ അത്രയുംതന്നെ തുക പ്രൊഡക്ഷൻസിസ്റ്റം മാനേജ്മെൻറ് അതായത് ഈ നീർത്തടപ്രദേശങ്ങൾ ഇങ്ങനെ തൊഴിൽചെയ്ത് ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങളുടെ വാല്യൂ അഡിഷനുവേണ്ടി അല്ലെങ്കിൽ അതിൻെറ ഉൽപ്പാദനക്ഷമത കൂട്ടുന്നതിനുവേണ്ടിയുള്ള പ്രൊഡക്ഷൻ സിസ്റ്റം മാനേജ്മെൻറിനു വേണ്ടിയുള്ള അത്രയും വലിയ സിസ്റ്റം. അതുകൂടാതെതന്നെ ഈ പ്രോജക്ടിനു മതിയായ പ്രചരണം നൽകുന്നതിനും ജനങ്ങളുടെ ഇടയിൽ എത്തിക്കുന്നതിനും വേണ്ടിയുള്ള പദ്ധതികൾ. ഒരു സംഘടനാസംവിധാനം ആരംഭിക്കുന്നത് സംസ്ഥാനതലത്തിൽനിന്നാണ്. സ്റ്റേറ്റ് ലെവൽ നോഡൽ ഏജൻസിയിൽനിന്നാണ് ഇതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളൊക്കെ വരുന്നത്. ജില്ലാതലത്തിലെ ഒരു

വാട്ടർഷെഡ് ഡവലപ്മെൻറ് ടീം ഉണ്ട്, വാട്ടർഷെഡ് ഡവലപ്മെൻറ് കമ്മിറ്റിയുമുണ്ട്. ജില്ലാകളക്ടറും ബാങ്കോഫിസറും ജില്ലാപഞ്ചായത്ത് പ്രസിഡൻറും ഉൾപ്പെടെയുള്ള സംഘടനാസംവിധാനം ജില്ലയിലുണ്ട്. അതുപോലെതന്നെ ബ്ലോക്ക് ലെവൽ കോൺട്രിബ്യൂഷനുണ്ട്. പദ്ധതിയിൽ ഉൾപ്പെട്ട വിവിധ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ ജനപ്രതിനിധികൾ എല്ലാം ഉൾപ്പേടുത്തിക്കൊണ്ട് ഒരു കോൺട്രിബ്യൂഷൻ സംവിധാനം ബ്ലോക്ക് തലത്തിലും അതുപോലെതന്നെ പഞ്ചായത്ത് തലത്തിലും ഇതുകഴിഞ്ഞ് താഴേത്തട്ടിലേക്ക് വരുമ്പോൾ ഈ ഓരോ നീർത്തടത്തിലും ഉൾപ്പെട്ട മുഴുവൻ ആളുകളേയും യൂസേഴ്സ് ഗ്രൂപ്പുകൾ ഏന്ന പേരിൽ സംഘടിപ്പിക്കുന്നു. ഒരു ജലസ്രോതസ്സിൽ നേരിട്ടുള്ള പ്രയോജനം ലഭിക്കുന്ന ഉപഭോക്താക്കളെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു വാട്ടർഷെഡ് കമ്മിറ്റി രൂപീകരിക്കുന്നു. ഈ കമ്മിറ്റിയാണ് അവിടെ നടക്കേണ്ട് കാര്യങ്ങൾ തീരുമനിക്കുന്നതും നിയന്ത്രിക്കുന്നതും. അവരിൽനിന്നും തെരഞ്ഞെടുക്കുന്ന ഒരു സംഘടാനാസംവിധാനമാണ് ഈ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ ഈ യൂസേഴ്സ് ഗ്രൂപ്പിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു ബെനഫിഷറി കമ്മിറ്റിയാണ് ആ പ്രദേശത്തേക്ക് വേണ്ട പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. ഇതിനു വേണ്ട ഒരു D.P.O ഇത്തിക്കര ബ്ലോക്ക് ഇതിനകം തയാറാക്കിക്കഴിഞ്ഞു. ഇതിൻെറ ആദ്യപ്രവർത്തനങ്ങളെ Entry Point Activity എന്നു പറയുന്നു. ആകെ ലഭിച്ച ഫണ്ടിൻെറ 4% തുക പൊതുജനങ്ങൾക്ക് ഈ പദ്ധതിയെക്കുറിച്ച് മനസ്സിലാക്കുന്നതരത്തിലുള്ള പ്രോജക്ടുകൾ തെരഞ്ഞെടുത്ത് നടപ്പിലാകൂന്നതിനു വേണ്ടിയാണ്. ഇതിൽ ഏഴു ഗ്രൂപ്പുകൾ തെരഞ്ഞെടുത്തുകഴിഞ്ഞു. പരിസ്ഥിതിസൗഹാർദ്ദ പദ്ധതിയാണ് IWMP വിഭാവന ചെയ്യിരിക്കുന്നത്. അതായത് സിമൻറ് ഉപയോഗിച്ചുള്ള നിർമ്മാണരീതികൾ കഴിയുന്നതും ഒഴിവാക്കിയുള്ള നിർമ്മാണരീതികൾ. ഒരു Entry Point Activity എന്ന നിലയിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുകയാണെങ്കിൽ ഇത്തരം പ്രവർത്തികൾ ഏറ്റെടുക്കുകയാണെങ്കിൽ ഇതിനൊരു പ്രചരണംലഭിക്കുന്നു എന്നതുകൊണ്ടുതന്നെ ജനപ്രതിനിധികളുടെ നിർദ്ദേശമനുസരിച്ച് ജലസ്രോതസ്സുകളുടെ തീരങ്ങളിൽ പ്രത്യേകിച്ച് നശിച്ചുകൊണ്ടിരിക്കുന്ന ജലസ്രോതസ്സുകളുടെ തീരങ്ങളിൽ സൈഡുകെട്ട് പോലുള്ള പ്രവർത്തികളും അതുപോലെതന്നെ തൊഴിലുറപ്പുകാരുടെ സേവനം ഉപയോഗപ്പെടുത്തിക്കൊണ്ട് നശിച്ചുകൊണ്ടിരിക്കുന്ന ചിറകളുടെയും മറ്റും സംരക്ഷണമാണ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്നത്. ഇതിൽത്തന്നെ ഏകദേശം നാലഞ്ച് പ്രവർത്തികൾ പൂർത്തിയായിക്കഴിഞ്ഞു. Entry Point Activity കൾ പൂർത്തിയായിക്കഴിഞ്ഞാൽ ഉടൻ തന്നെ നേരിട്ടുള്ള ഇടപെടൽ NRM പ്രവർത്തികൾ ഇറങ്ങിത്തുടങ്ങുവാനുള്ള ഒരു അവസ്ഥയിലാണ് ഇപ്പോൾ എത്തിനിൽക്കുന്നത്. ഇതിനുവേണ്ടി ബ്ലോക്ക് തലത്തിൽ കമ്മിഷനെ വിളിച്ചുകൂട്ടിയിട്ടുണ്ട്. ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത് ഇതിനെ ജനങ്ങളുടെ കൈകളിലൂടെ നടപ്പിലാക്കിയാൽ മാത്രമേ ഈ പദ്ധതിയുടെ ഉദ്ദേശിച്ച ഫലം ലഭിക്കുകയുള്ളൂ. ഓരോ പ്രദേശത്തിനും അനുയോജ്യമായ പ്രവർത്തികൾ DPR ൽ അവയെക്കുറിച്ച് സർവ്വേ നടത്തി ചെയ്യേണ്ടുന്ന പ്രോജക്ടുകൾ കണ്ടെത്തിയിട്ടുണ്ട്. ഓരോ പ്രദേശത്തിനും അനുയോജ്യമായ തൊഴിലും തൊഴിൽ സാധ്യതകളും എന്തൊക്കെയാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇത് ജനങ്ങളുടെ സംഘടനാസംവിധാനം കൂടുതൽ ശക്തമാക്കിക്കൊണ്ട് ഈ DPRഉമായി ജനങ്ങളുടെ ഇടയിലേക്ക് ഇറങ്ങി അവരെ ഉൾപ്പെടുത്തിക്കൊണ്ട് അവരിലൂടെ ഈ പ്രവർത്തി വിജയിപ്പിച്ചെടുക്കുക എന്നതാണ ഈ പ്രോജക്ടിൻെറയും ഇത്തിക്കര ബ്ലൊക്കിൻെറയും ലക്ഷ്യം. ഈ കാര്യങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനുള്ള ഒരു വേദിയാഹിക്കൂടി ഈ സമ്മേളനത്തെ കാണുന്നു. Entry Point Activity കൾ ഏകദേശം 60%ത്തോളം പൂർത്തിയാവുകയും അതിൻെറ ഇവാല്യുവേഷൻ നടത്തിക്കഴിഞ്ഞിരിക്കുന്ന ഈ അവസ്ഥയിൽ മുഖ്യധാരാ പ്രവർത്തിയിലേക്ക് ഇറങ്ങുവാനുള്ള ഒരു മുന്നേറ്റത്തിലാണ് ഇത്തിക്കര ബ്ലോക്ക് ഇപ്പോൾ. DPR പ്രകാരം തയാറാക്കിയ ഈ പ്രോജക്ടുകൾ പൂർത്തിയാകേണ്ടേ നടപടികളെല്ലാം കൈക്കൊണ്ടുകഴിഞ്ഞു. ഈ സംഘടനാസംവിധാനം ഒന്നുകൂടി ശക്തമാക്കാനുള്ള പ്രവർത്തികൾ ആരംഭിച്ചു. നീർത്തടപ്രദേശങ്ങളിലെ ഗ്രൂപ്പുകൾ എല്ലാം രൂപീകരിച്ചുകഴിഞ്ഞു. ഈ ഗ്രൂപ്പുകളെ ആ പ്രദേശത്തെ പ്രാദേശികമായ സംസ്കാരം

പ്രകതിവിഭവങ്ങളെ സംരക്ഷിക്കുന്ന രീതിയിൽ ഉണ്ടാക്കിയെടുക്കുവാനാണ IWMP ശ്രമിക്കുന്നത്. ഈ പ്രവർത്തികളൊക്കെ നടപ്പിലാക്കുന്നത് ആ പ്രദേശത്തുള്ള ഗ്രൂപ്പുകളിലൂടെയാണ്.

നമ്മുടെനാട്ടിൽ, കേരളത്തിൽ പൊതുവേ കണ്ടുവരാറുള്ളത് ഒരു പദ്ധതി ജനപങ്കാളിത്തത്തോടെ, ആഘോഷമായിത്തന്നെ നടപ്പിലാക്കിക്കഴിഞ്ഞാൽ പിന്നീട് അതിനാവശ്യമായ ഒരുവിധ ഫോളൊ-അപ് പ്രവർത്തനങ്ങളും നടപ്പിലാക്കാറില്ല. തന്മൂലം ആഘോഷമായി നടപ്പിലാക്കുന്ന പലപരിപാടികളും കുറച്ചുനാളുകൾക്കകം തന്നെ നാമാവശേഷമാവുന്നതു കാണാം. പക്ഷേ IWM പ്രോഗ്രാമുകളിൽ പ്രധാനമായും ഉദ്ദേശിക്കുന്നത് ഈ പരിപാടികളുടെ പൂർത്തീകരണത്തിനുശേഷം പിന്നീടുള്ള മോണിട്ടറിങിന്, തുടർന്നുള്ള ഫോളൊ-അപ് പ്രവർത്തനങ്ങൾക്ക് ഈ ഗ്രൂപ്പുകളെത്തന്നെയാണ് ഏൽപ്പിക്കുന്നത്. ചെയ്ത പ്രവർത്തികൾ മുഴുവനും ഈ ഗ്രൂപ്പുകളെ ഏൽപ്പിച്ചുകൊണ്ടുള്ള ഒരു exit protocol ആണ IWMPഉദ്ദേശിക്കുന്നത്.

ഈ പദ്ധതിയുടെ ആദ്യഘട്ടം അതൊരു ശൈശവദശയിലായിരുന്നിട്ടുകൂടി നമ്മൾ അത് മുന്നോട്ട് കൊണ്ടുപൊയ്ക്കൊണ്ടിരിക്കുകയാണ്. അതിൻെറ പ്രധാനഘട്ടത്തിലേക്ക് കടക്കുമ്പോൾ മയ്യനാട് പഞ്ചായത്തിൻെറ കുറേ വാർഡുകൾ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അതിലേക്ക് എല്ലവരുടേയും സഹകരണം അഭ്യർത്ഥിക്കുന്നു. ഈ പ്രോജക്ടിനെക്കുറിച്ചു പറയുകയാണെങ്കിൽ ഇത് നടപ്പിലാക്കുമ്പോൾ– നേരിട്ട് ഇത്തിക്കരയാറിനെ സംരക്ഷിക്കുക എന്ന പ്രവർത്തിയല്ല ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഇത്തിക്കരയാറിനെ indirect ആയിട്ട്, ഇത്തിക്കരയാറിനെ feed ചെയ്യുന്ന കരപ്രദേശങ്ങളെ സംരക്ഷിച്ചുകൊണ്ട്, അവിടുത്തെ ചുറ്റുപാടിനേയും അവിടുത്തെ പ്രകൃതിയേയും അവിടുത്തെ ജീവജാലങ്ങളേയും സംരക്ഷിച്ചുകൊണ്ടുള്ള ഒരു പ്രവർത്തിയാണ്. ഇത്തിക്കരയാറിനെ സംരക്ഷിക്കുക എന്ന പ്രവർത്തിയോടൊപ്പം ഇത്തിക്കരയാറിലെ മണലെടുപ്പ് തടയുക, ആഴം കൂട്ടുന്നത് തടയുക എന്നുള്ള ജനകീയമായ പ്രവർത്തിയോടൊപ്പം അതിൻെറ ചുറ്റുപാടുകളെ സംരക്ഷിച്ചുകൊണ്ടുള്ള ഈ ഒരു പദ്ധതിക്ക് നിങ്ങളുടെ സഹകരണാം പ്രതീക്ഷിച്ചുകൊള്ളുന്നു.

ഇത്തിക്കര ബ്ലോക്ക് ഡവലപ്മെൻറ് ഓഫീസർ എന്ന നിലയിൽ ഈ വിഷയം അവതരിപ്പിക്കുക എന്നുള്ളതാണ് എൻെറ കർത്തവ്യം. അതോടൊപ്പം പുതിയ തലമുറയുടെ പ്രതിനിധികൾ എന്നനിലയിൽ ഇവിടെയുള്ള കുട്ടികളോട് ഓർമ്മപ്പെടുത്തുവാനുള്ളത് "There is enough for everyone's need but not for everyone's greed" എല്ലാവരുടേയും ആവശ്യത്തിനുള്ളത് നമ്മുടെ ഭൂമിയിലുണ്ട് പക്ഷേ ആരുടേയും ആർത്തി തികയ്ക്കുവാനുള്ളതൊന്നും ഇവിടെയില്ല". നമ്മൾ ഒരുകാര്യം മനസ്സിലാക്കുക, നാം ജീവിക്കുന്ന ഈ ചുറ്റുപാട്, അതില്ലാതെയായാൽപ്പിന്നെ നമ്മൾ ഇല്ല. ആ തിരിച്ചറിവ് നമ്മൾക്കുണ്ടാവണം. നമ്മൾ ഇപ്പോൾ അനുഭവിക്കുന്ന ശുദ്ധവായുവും പ്രാണജലവും എല്ലാം നമ്മുടെ സ്വന്തമല്ല. മുൻ തലമുറ നമുക്ക് കൈമാറിത്തന്നതാണ്. അവർ ഇതൊരുപക്ഷേ കുറച്ചധികമായി ഉപയോഗിച്ചിരുന്നെങ്കിൽ നമുക്ക് ഇത് ഇന്ന് കിട്ടുമായിരുന്നില്ല. അതുകൊണ്ടുതന്നെ അത് നമ്മൾ അടുത്തതലമുറയിൽനിന്ന് കടംകൊണ്ടതാണ്. തീർച്ചയായിട്ടും അത് നമ്മൾ അവർക്ക് തിരിച്ച് കൊടുക്കാൻ ബാദ്ധ്യസ്ഥരുമാണ്. ഈ ചിന്ത എപ്പോഴും നമ്മുടെ മനസ്സിൽണ്ടായാൽ നമ്മുടെ പ്രകൃതിയേയും ചുറ്റുപാടിനേയും സംരക്ഷിക്കുന്ന ഒരു സംസ്കാരം വളർത്തിയെടുക്കാൻ തീർച്ചയായും നമുക്കടുത്ത തലമുറയ്ക്കെങ്കിലും സാധിക്കും. അങ്ങനെയുണ്ടാവട്ടേ എന്ന പ്രാർത്ഥനയോടെ ഞാൻ അവസാനിപ്പിക്കട്ടേ.

## പ്രബന്ധം നാല്

**വിഷയാവതരണം** : **ശ്രീ വിജയകുമാർ, അഡീ. തഹസിൽദാർ,** റവന്യൂ വകുപ്പ്, കൊല്ലം

**വിഷയം** :

- തീരപരിപാലനത്തിൽ റവന്യൂ വകുപ്പിൻെറ സമീപനം
- പരവൂർകായൽ-ഇത്തിക്കരയാറ് ആവാസവ്യവസ്ഥാപുനരുജ്ജീവനത്തിൽ റവന്യൂ ഡിപ്പാർട്ട്മെൻറിൻെറ പങ്ക്

ഒരു ശാസ്ത്രജ്ഞൻെറയോ ഒരു പരിസ്ഥിതി പ്രവർത്തകൻെറയോ പരിവേഷമില്ലാത്ത ഒരു സാധാരണ മനുഷ്യൻെറ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൻെറ ഭാഗമായി വന്നുചേർന്ന അനുഭവങ്ങളും ഇടപഴകേണ്ടിവന്ന വസ്തുതകളും മാത്രമേ ഈ വിഷയാവതരണത്തിനുള്ള യോഗ്യതയായി ഞാൻ എന്നിൽ കാണുന്നുള്ളൂ

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിനായി പ്രകൃതിതന്നെ സ്വയം ഒരുക്കിയ സംവിധാനങ്ങളാണ് നാമിന്നുകാണുന്ന ഈ ആവാസവ്യവസ്ഥകളുടെയെല്ലാം ആധാരം. എന്നാൽ ഈ പ്രകൃതിയും അതിലെ വിഭവങ്ങളുമെല്ലാം മനുഷ്യനുവേണ്ടിയുള്ളതാണെന്ന്, ഞാനെന്ന വ്യക്തിക്കുവേണ്ടിയുള്ളതാണെന്ന് ചിന്തിക്കുന്ന ഒരു സംസ്കാരം നമ്മുടെ മനസ്സിലേക്ക് കടന്നുവരുമ്പോഴാണ് എന്തുവിധേനയും കാര്യങ്ങൾ നേടിയെടുക്കുവാനായി പ്രകൃതിയെ എങ്ങനെയൊക്കെ ചൂഷണംചെയ്യാം എന്നു ചിന്തിക്കുന്നത്.

മനുഷ്യന് ഒരുപാട് ആവശ്യങ്ങൾ ഉണ്ട്. പ്രകൃതിയിൽനിന്നുതന്നെ ലഭിക്കേണ്ടവ, നേടേണ്ടവ. പക്ഷേ ഇതെല്ലാം എല്ലാവർക്കും വേണ്ടിയുള്ളതാണ്.. തലമുറകൾക്കുവേണ്ടിയുള്ളതാണ്. ഒരു പശുവിനെ പ്രകൃതിയായിക്കണ്ടാൽ പശുവിൻെറ പാൽ ഊറ്റിയെടുക്കാം നമുക്ക്. പക്ഷേ പശുവിൻെറ രക്തവുംകൂടി ഊറ്റിയെടുത്താൽ പശുവിൻെറ സ്ഥിതിയെന്താവും? നാമെല്ലാവരും പൊന്മുട്ടയിടുന്ന താറാവിൻെറ കഥ കേട്ടിട്ടുണ്ടാവും. അത്യാഗ്രഹം കൊണ്ട് പൊന്മുട്ടയിടുന്ന താറാവിനെ കൊന്നാൽ കഥയെന്താവും? നാളെയുടെ ഗതിയെന്താവും? ഇതുപോലെയാണ് പ്രകൃതിയുടെമേലുള്ള നമ്മുടെ കയ്യേറ്റവും.

**പാടശേഖരങ്ങളുടെ വിനാശം :**

എങ്ങനെയാണ് നമ്മുടെ പാടശേഖരങ്ങൾ നശിക്കുന്നത്? നമ്മുടെ വികസനസ്വപ്നങ്ങൾ ആരംഭിക്കുന്നത് നമ്മുടെ ഗതാഗതസൗകര്യങ്ങൾ ഉണ്ടാവുന്നതോടെയാണ്. ഈയൊരാവശ്യം നിരാകരിക്കാനാവുന്നതല്ല. പക്ഷേ ഒരുപാടശേഖരത്തിനുകുറുകേ ഒരു പാതനിർമ്മിക്കുമ്പോൾ അത് ആ പാടശേഖരത്തിൻെറ വിനാശത്തിനു കാരണമാവുമെന്ന് നാം അപ്പോൾ അറിയുന്നില്ല. കൊല്ലം ജില്ലയിലെ രണ്ട് വലിയ പാടശേഖരങ്ങളായിരുന്നു പെരിനാട് പനയം മുതൽ ഇരിക്കുളം ഏലാവരെയുള്ളതും പിന്നെയൊന്ന് പുന്തലത്താഴത്തേതും. ആദ്യം ഇവയ്ക്കുകുറുകേ പാതകൾ ഉണ്ടായി. ക്രമേണ പാതകൾക്കിരുവശവും തെങ്ങുകൾ വച്ചുപിടിപ്പിച്ചു. പിന്നീട് പാതയോടുചേർന്നുള്ള ഭാഗം മണ്ണിട്ടുനികത്തി കരഭൂമിയാക്കി. ആ മണ്ണിട്ടുനികത്തിയതിലൂടെ പിന്നെയും ചെറിയ പാതകൾ ഉണ്ടായി. പാതയോരങ്ങളിൽ വീടുകളുണ്ടായി, കടകളുണ്ടായി, സ്ഥാപനങ്ങളുണ്ടായി. പാടങ്ങൾ പിന്നേയും ചെറുതായിക്കൊണ്ടിരുന്നു.

നമുക്കെല്ലാവർക്കും നല്ല പാതകൾ വേണം, നമുക്കെല്ലാവർക്കും നല്ല വീടുകൾ വേണം. ഇതൊന്നും ആർക്കും നിഷേധിക്കുവാനാവില്ല.പക്ഷേ നാം ഇതൊക്കെ ചെയ്യുമ്പോൾ ഈ സംവിധാനങ്ങളെല്ലാം നിലനിർത്തുന്നതിനെക്കുറിച്ചു കൂടി ആലോചിക്കണം.

ഇന്ന് നമ്മുടെ കുടുംബങ്ങളെല്ലാം അച്ഛനും അമ്മയും ഒന്നോ രണ്ടോകുട്ടികളും അടങ്ങുന്ന അണുകുടുംബങ്ങളായി പരിണമിച്ചിരിക്കുന്നു. പക്ഷേ ഈ ചെറിയ കുടുംബങ്ങൾക്കാവശ്യമായ ഭവനങ്ങളാണോ ഇന്നുനാം ഉണ്ടാക്കുന്നത്? ഈ ഭവനങ്ങളൊക്കെ അതിൻെറ പൂർണ്ണതയിൽ

നാം ഉപയോഗിക്കുന്നുണ്ടോ? ഇത്രയും സംവിധാനങ്ങൾ നമുക്ക് ആവശ്യമുണ്ടോ? ഇവയുണ്ടാക്കാനാവശ്യമായ പ്രകൃതിവിഭവങ്ങളോട് നാം നീതിപുലർത്താറുണ്ടോ? അതുണ്ടാക്കാനുപയോഗിച്ച പ്രകൃതിവിഭവങ്ങൾ അതു പാറയായാലും മണലായാലും ഇരുമ്പായാലും ഒരാൾക്ക് വേണ്ടതുമാത്രമാണോ നാം ഉപയോഗിക്കുന്നത്?

നിർമ്മാണമേഖലയുടെ വിപുലീകരണം നിയന്ത്രിക്കണം, നിർമ്മാണപ്രവർത്തനങ്ങൾ കുറയ്ക്കണം എന്ന് ഇവിടെ അഭിപ്രായപ്പെട്ടാൽ അവർ വികസനവിരോധികൾ എന്ന് മുദ്രകുത്തപ്പെടുന്നു. നമ്മുടെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ അവരുടെ പദ്ധതിനിർവ്വഹണത്തിൻെറ ഭാഗമായി പൊതുവിഭാഗത്തിലും പട്ടികജാതി വിഭാഗത്തിലും വീടുവയ്ക്കാൻ സ്ഥലം വാങ്ങിക്കൊടുക്കാറുണ്ട്. ഇതിനായി മൂന്നുസെൻറ് സ്ഥലമാണ് വാങ്ങി നൽകുന്നത്. ഇതിനായി അനുവദിക്കപ്പെടുന്ന തുക പലപ്പോഴും തീരെ അപര്യാപ്തമാണ്. തന്മൂലം ഇത് പലപ്പോഴും ചില ദല്ലാള്മാരുടെ കൈകളിലാണ് എത്തിപ്പെടാറുള്ളത്. അവർ ഈ പദ്ധതിയുമായി ചില ഗുണഭോക്താക്കളെ സമീപിക്കുകയും കണ്ടെത്തുകയും ചെയ്യുന്നു. അതിനുശേഷം ഏതെങ്കിലും ഒരു വയൽഭൂമി കണ്ടെത്തുകയും നിസ്സാരവിലയ്ക്ക് ഈ ഭൂമി വാങ്ങി ഗുണഭോക്താക്കൾക്ക് വിഭജിച്ച് നൽകുകയും ചെയ്യുന്നു. പഞ്ചായത്തിൽനിന്നും ഭവനപദ്ധതിക്കായി ലഭിക്കുന്ന ഈ ഭൂമിയിൽ അവർ വീട് വയ്ക്കുകയും അതിനായി മണ്ണിട്ട് നികത്തുകയും ചെയ്യുന്നു. ഇത് നിയന്ത്രിക്കേണ്ട റവന്യൂ ഉദ്യോഗസ്ഥൻ തൽക്കാലം കണ്ണടയ്ക്കുകയോ പണംവാങ്ങി അനുമതിനൽകുകയോ ചെയ്യുന്നു. അടുത്ത മഴക്കലമാവുമ്പോൾ പ്രദേശമാകെ വെള്ളം പൊങ്ങുന്നു. എന്തിനുവേണ്ടിയാണോ പൊതുമുതൽ ഉപയോഗിച്ച് ഈ ഭവനപദ്ധതി ഗുണഭോക്താക്കൾക്ക് നൽകുന്നുവോ അതിൻെറ നേർവിപരീത ഫലം ഉണ്ടാവുകയും ചെയ്യുന്നു. ഗുണഭോക്താവ് കൂടുതൽ ദുരിതത്തിലാവുകയും ചെയ്യുന്നു. സൗജന്യമായി ലഭിക്കും എന്നറിഞ്ഞാൽ എന്തുവിധേനയും അത് സ്വന്തമാകുവാനുള്ളഒരു മനോഭാവം നമ്മുടെ സമൂഹത്തിൽ പ്രബലമായിക്കൊണ്ടിരിക്കുന്നു. ഇത് നമ്മുടെ അവബോധത്തിൻെറ അഭാവംകൊണ്ടുണ്ടാവുന്നതാണ്.

നമ്മൾ പ്രകതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ പരിസ്ഥിതിയെക്കുറിച്ച് ചിന്തിക്കുമ്പോൾ അതെല്ലാം നമ്മുടെ ഉള്ളിൻെറ ഉള്ളിൽനിന്നും വരണം. നമുക്ക് ഒരു സംസ്കാരമുണ്ട്, ആ സംസ്കാരത്തിൽ പൂവിനേയും പുഴുവിനേയും വൃക്ഷലതാദികളേയും മനുഷ്യരേയും എന്തിനേയും ഒരുപോലെ കണ്ടിരുന്ന ഒരു സംസ്കാരമായിരുന്നു അത്. ആ സംസ്കാരത്തിൽ ഊന്നി നിന്നുകൊണ്ട്, അതാണ് നമ്മുടെ സംസ്കാരം എന്ന് ബോധ്യപ്പെട്ടുകഴിഞ്ഞാൽ നമുക്ക് കുറേയൊക്കെ ഈ രീതിയിൽ ചിന്തിക്കുവാൻ കഴിയും. അതുപോലെതന്നെ നമ്മൾ ചെയ്യുന്ന പ്രവർത്തികൾ നമ്മുടെ പ്രവർത്തിയെ, നമ്മുടെ ഭൂമിയെ, നമ്മുടെ സംസ്കൃതിയെ എത്രത്തോളം ബാധിക്കുമെന്ന് നമ്മുടെ കൊച്ചുകുട്ടികൾ അറിയേണ്ടതുണ്ട്. നമ്മുടെ ഭൂപ്രകൃതിയെക്കുറിച്ച് അറിയുവാനുള്ളതൊക്കെ നമ്മുടെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുകയാണെങ്കിൽ നമ്മുടെ കുഞ്ഞുങ്ങൾ ഇതുപോലെയുള്ള കാര്യങ്ങളിൽ കൂടുതൽ ബോധവാന്മാരും ബോധവതികളുമാവും.

നമ്മുടെ വിദ്യാലയങ്ങളിൽ ഇപ്പോൽത്തന്നെ നിലവിലുള്ള പരിസ്ഥിതിക്ലബ്ബുകൾക്ക് ഒരളവുവരെ ഈ അവബോധം കുട്ടികളിൽ ഉണ്ടാക്കിയെടുക്കുവാൻ കഴിയും എന്നുള്ളത് ആശ്വാസകരമാണ്. കുട്ടികൾക്ക് പരിസ്ഥിതി അവബോധമുണ്ടാക്കുവാൻ ഇത് തീർച്ചയായും സഹായകമാവും..

അതുപോലെതന്നെ നമ്മുടെനാട്ടിൽ നിയമങ്ങളുടെ കുറവല്ല കത്യനിർവ്വഹണത്തിനു തടസ്സമാവുന്നത്. റവന്യൂ വകുപ്പിൽത്തന്നെ 129 ഓളം നിയമങ്ങളും ചട്ടങ്ങളും നിലവിലുണ്ട്. ഇവിടെ നിയമത്തിൻെറ കുറവല്ല മറിച്ച് നിയമം നടപ്പിലാക്കുന്നതിൻെറ കുറവും നിയമം അനുസരിക്കുന്നതിനുള്ള വൈമുഖ്യവുമാണ് പ്രധാനമായും വെല്ലുവിളിയാവുന്നത്. പ്രബുദ്ധത അവകാശപ്പെടുന്ന മലയാളി തൊഴിൽതേടി മറ്റ് സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും പോകുമ്പോൾ അവിടെയുള്ള നിയമങ്ങൾ പാലിക്കുന്നതിന് യാതൊരു വിമുഖതയും കാട്ടുന്നില്ലെന്നുമാത്രമല്ല നന്മയുടെ ആൾ രൂപങ്ങളാവുന്നതും നമ്മൾ കാണുന്നു. ആരുംതന്നെ

നിയമങ്ങൾ ലംഘിക്കുന്നതായി കാണുന്നില്ല. എന്നാൽ ഇത് നമ്മുടെ നാട്ടിൽ ആവുമ്പോൾ നിയമലംഘനം ഒരു അവകാശം പോലെ, ആഘോഷംപോലെയാണ് നമ്മൾ കാണുന്നത്.

നമ്മുടെ കുട്ടികൾക്ക് നമ്മുടെ വളർന്നുവരുന്ന തലമുറയ്ക്ക് നിയമങ്ങൾ അനുസരിക്കനുള്ള താൽപ്പര്യം ഉണ്ടാക്കിക്കൊടുക്കുകയാണ്, നല്ല മാതൃക കാട്ടിക്കൊടുക്കുകയാണ് നാമേവരും ചെയ്യേണ്ടത്.

റവന്യൂ വകുപ്പിനെ സംബന്ധിച്ച്, ഭൂമിയുമായി ബന്ധപ്പെട്ട്, അല്ലെങ്കിൽ പരവൂർകായലും ഇത്തിക്കരയാറുമൊക്കെയായി ബന്ധപ്പെടുത്തി പറയാവുന്നവ സാധാരണനിലയിൽ നാലു നിയമങ്ങൾ മാത്രമാണ്.

- ഒന്ന് കേരള ലാൻഡ് യൂട്ടിലൈസേഷൻ ആക്ട് (KLU Act)
- രണ്ട് നെൽവയൽ, തണ്ണീർത്തട സംരക്ഷണ നിയമം
- മൂന്ന് ലാൻറ് കൺസർവെൻസി ആക്ട്
- നാല് കേരള മൈൻസ് ആൻഡ് മിനറൽസ് കൺസർവേഷൻ ആക്ട്

ഇത്തിക്കരയാറിൻെറ മേൽഭാഗത്തേക്കു ചെന്നാൽ പള്ളുങ്കൽ വില്ലേജിൻെറ താഴേക്കു വരുമ്പോൾ കാണുന്നത് വയലുകൾ ആണോ വെള്ളക്കെട്ടുകൾ ആണോ എന്നു തിരിച്ചറിയാനാവാത്തവിധം നികന്നു (നിറഞ്ഞു) കിടക്കുകയാണ് ഈ ഭാഗങ്ങളെല്ലാം. മണ്ണും ചെളിയും എടുത്ത് കുണ്ടും കുഴിയുമായി ചിലഭാഗത്ത് വെള്ളക്കേട്ടുകളായും മറ്റു ചിലയിടങ്ങളിൽ വലിയ ആഴത്തിലും വേറേചിലയിടങ്ങളിൽ ആറിൻെറ വീതി മുൻപുണ്ടായിരുന്നതിൽനിന്നു പത്തും പതിനഞ്ചും മടങ്ങ് വർദ്ധിച്ചുമാണ് കാണുന്നത്.

ഇതിൻെറ അപകടസാധ്യതയെക്കുറിച്ച് ശാസ്ത്രീയമായ പഠനം നടത്തിയാൽ നമുക്ക് കാണാനാവുക ആറിൻെറ വീതി കൂടുന്നതോടെ അതിലെ ഒഴുക്കിൻെറ ശക്തിയും വേഗതയും കുറയുകയും തന്മൂലം അതിൻെറ മുഖങ്ങളിലും വശങ്ങളിലും അടിഞ്ഞുകൂടുന്ന എക്കലിനേയും വളങ്ങളേയും ധാതുക്കളേയും ലവണങ്ങളേയും അത് എത്തേണ്ട ഇടങ്ങളിലെത്തിക്കുവാനുള്ള ശക്തി നഷ്ടപ്പെടുന്നതായാണ്.

ഇത്തിക്കരയാറ പരവൂർ കായലിൽ വന്നു ചേരുന്ന മുഖത്ത് മണ്ണും ചെളിയും അടിഞ്ഞുകൂടി നികന്നുപോയി. ഇങ്ങനെ നികന്നുപോകുന്നത് കായൽ നശിച്ചുപോകുന്നതിൻെറ പ്രധാനലക്ഷണമാണ്. കുറേക്കഴിയുമ്പോൾ ഈ ഭാഗത്ത് കുളവാഴകൾ പ്രത്യക്ഷപ്പെടുകയും അതുണ്ടാവുന്നതോടുകൂടി ക്രമേണ കായൽ നികന്നുപോകുകയുമാണ് ഉണ്ടാവുക. ഇതിലൂടെ വെള്ളത്തിനെ സംഭരിച്ചു സംരക്ഷിച്ചു നിർത്തുന്ന ആ സംവിധാനം ഇല്ലതാവുകയാണ്.

ശക്തമായി ഒഴുകിക്കൊണ്ടിരുന്ന നദിയുടെ ഒഴുക്കിൻെറ വേഗത കുറയുന്നവിധത്തിൽ ചിലഭാഗങ്ങളിൽ വീതി കൂടുകയും മറ്റുചിലയിടങ്ങളിൽ ഒഴുക്കിനു തടസ്സമുണ്ടാവുകയും ചെയ്യുന്നതോടെ നദി എത്തിച്ചേരുന്നയിടത്ത് അത് ഒഴുക്കിക്കൊണ്ടുവരുന്നവ എത്താതിരിക്കുകയും ചെയ്യുന്നു.

ഇപ്രകാരമുള്ള വിഷയങ്ങളിൽ റവന്യൂ വകുപ്പിനു ചെയ്യുവാൻ കഴിയുന്നത് കായലിനെക്കുറിച്ച് ഒരു വിശദമായ സർവ്വേ നടത്തുകയും അതായത് നേരത്തേ കായൽ എത്രയുണ്ടായിരുന്നു, ഇപ്പോൾ കായലിൻെറസ്ഥിതിയെന്താണ് ഇതേക്കുറിച്ച് ഒരു വിശദമായ പഠനം നടത്തുകയും കായൽ അനധികൃതമായി ആരെങ്കിലും കൈവശം വച്ചിട്ടുണ്ടോ എന്നും അങ്ങനെയുണ്ടെങ്കിൽ ആ കൈയേറ്റങ്ങളെ ഒഴിപ്പിച്ച് ലാൻറ് കൺസർവൻസി ആക്റ്റ് അനുസരിച്ച് നടപടി സ്വീകരിച്ച് ആ ഭൂമി സർക്കാരിലേക്ക് കണ്ടുകെട്ടി ഒപ്പം ഈ കായലിനെ പൂർവസ്ഥിതിയിലേക്ക് കൊണ്ടുവരുകയും ചെയ്യാം.

രണ്ടാമത് ഇത്തിക്കരആറിനെ സംബന്ധിച്ച് ആറിൻെറ തീരങ്ങളിൽ അനധികൃതമായി

മണ്ണെടുപ്പുനടത്തിയിട്ടുള്ള, ചെളി ഖനനം നടത്തിയിട്ടുള്ള കാര്യങ്ങൾ കണ്ടെത്തി അത് കെ.എം.എം.സി. ആക്റ്റ് അനുസരിച്ച് നടപടികൾ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.

ഇതിനായി ഒരു സ്പെഷ്യൽ പർപ്പസ് വെഹികിൾ (സർവേ ടീം) രൂപീകരിച്ച് പരവൂർ കായലിൻേറയും ഇത്തിക്കര ആറിൻേറയും അതിരുകൾ അടയാളപ്പെടുത്തി, കൈയേറ്റങ്ങൾ ഉണ്ടേങ്കിൽ അവ നീക്കംചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളാവുന്നതാണ്.

അതുപോലെതന്നെ നെൽ വയൽ തണ്ണീർത്തടനിയമം അനുസരിച്ച് നെൽവയലുകൾ നികത്തുന്നതിനെതിരേ നടപടിയെടുക്കാം

**റവന്യൂ വകുപ്പിൻെറ പരിമിതികൾ:**

1956 ൽ നിശ്ചയിച്ചിരുന്ന സ്റ്റാഫ് പാറ്റേൺ തന്നെയാണ ഇന്നും തുടർന്നുപോരുന്നത്. കൂടാതെ കൊല്ലം താലൂക്ക് ഓഫിസിൽ ജീവനക്കർക്ക് ഇരുന്ന് ജോലിചെയ്യുവാൻപോലുമുള്ള അടിസ്ഥാനസൗകര്യം പോലും ഇല്ലാത്ത അവസ്ഥയാണുള്ളത്. തികച്ചും അപര്യാപ്തമായ പരിമിതമായ ഈ സൗകര്യങ്ങളിൽനിന്നുവേണം ഈ ഭാരിച്ച ഉത്തരവാദിത്തങ്ങൾ എല്ലാം നിർവ്വഹിക്കാൻ. പലപ്പോഴും അത്യാവശ്യകാര്യങ്ങൾ മാത്രം ചെയ്യുകയും ആവശ്യമായ കാര്യങ്ങൾ മാറ്റിവയ്ക്കപ്പെടുകയും ചെയ്യുന്ന ഒരു അവസ്ഥയുണ്ടാവുന്നു.. തന്മൂലം പല ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കുവാനും സജീവമായും ക്രിയാത്മകമായും ഇടപെടുവാനും കഴിയുന്നില്ല.

ഈ വകുപ്പിൻെറ പരിമിതികൾക്ക് ഒരു ഉദാഹരണം ശ്രദ്ധിക്കുക. ഒരു വയൽ നികത്തലുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടാൽ അത് രാത്രിയിലോ അവധിദിനങ്ങളിലോ ആണെങ്കിൽ സ്ഥലത്തെ വില്ലേജ് ഓഫിസർക്ക് വിവരം കൈമാറുക മാത്രമേ കഴിയുന്നുള്ളൂ. ഈ സമയത്ത് അവരും ഇതുപോലെ സ്വകാര്യ ആവശ്യങ്ങളുമായി എവിടെയെങ്കിലുമായിരിക്കും. ഒടുവിൽ അധികാരപ്പെട്ടവർ സ്ഥലത്തെത്തുമ്പോഴേക്കും നികത്തിയവർ സ്ഥലംവിട്ടിട്ടുണ്ടാവും.

പിന്നീട് ചെയ്യാനുള്ളത് അവർക്കെതിരേ കേസെടുക്കുകയും നടപടിക്രമമനുസരിച്ച് ആർ. ഡി. ഓ. ഒരു ഓർഡർ കൊടുക്കുകയും അതനുസരിച്ച് അവർക്കെതിരേ പ്രോസിക്യൂഷൻ നടപടികൾ കൈക്കൊള്ളുകയ്യുമാണ്. ഇതിനെ പൂർവസ്ഥിതിയിലാകുവാൻ ഉള്ള പ്രായോഗികബുദ്ധിമുട്ട് ഈ മണ്ണ്, ഇങ്ങനെ ഇട്ട മണ്ണ് മാറ്റുവാനുള്ള സാമ്പത്തികവശം സങ്കീർണ്ണമായ നടപടികൾക്ക് വഴിവയ്ക്കുന്നു.

റവന്യൂ വകുപ്പിൽ ഇതിനായി പ്രത്യേകം വിഭാഗമുണ്ട്. ഇപ്രകാരമുള്ള മണ്ണ് നീക്കം ചെയ്യുന്നതിനാവശ്യമായ തുക എത്രയന്നു കാണിച്ച് പ്രത്യേകം അപേക്ഷ നൽകണം. തുടർന്ന് തുക അനുവദിക്കണം. പിന്നീട് ഇതിനാവശ്യമായ നടപടികളിലേക്ക് നീങ്ങണം. ഇതിനുണ്ടാകുന്ന കാലതാമസവും അതിനായി ചെലവാക്കേണ്ടുന്ന സമയവും വളരെയധികമാണ. അതുകൊണ്ടുതന്നെ ഈ വിധം ഫണ്ട് ലഭ്യമായാൽ മാത്രമേ ഇത്തരം നടപടികളുമായി മുന്നോട്ടുപോകുവാൻ കഴിയുകയുള്ളൂ. ഇതാണ ഈ വിഷയങ്ങളിൽ കേസെടുത്ത് ഈ രീതിയിൽ പരിവർത്തനം ചെയ്യപ്പെട്ട കായലുകൾ ആയാലും വയലുകൾ ആയാലും അതിനെ പൂർവ്വസ്ഥിതിയിൽ ആക്കുവാനായി മുന്നോട്ട് പോകുമ്പോൾ ഉണ്ടാകുന്ന പരിമിതികൾ.

ഇതല്ലാതെ പിന്നെന്താണ നമുക്ക് ചെയ്യുവാൻ കഴിയുക?

ഇത്തരം കയ്യേറ്റങ്ങൾ ഉണ്ടാവാതിരിക്കുവാനുള്ള ശ്രമങ്ങൾ നമ്മുടെ ഭാഗത്തുനിന്നുണ്ടാവണം. ഇതിനായി നമ്മുടെ, പൊതുജനങ്ങളുടെ, പൊതുപ്രവർത്തകരുടെ ശ്രദ്ധയും താൽപര്യവും ഉണ്ടാവണം. ശ്രദ്ധയും താൽപര്യവും ഉണ്ടെങ്കിൽ ബന്ധപ്പെട്ടവർക്ക് ശ്രദ്ധിക്കാതിരിക്കുവാൻ കഴിയുകയില്ല. ഇതിനൊരു ഉത്തമ ഉദാഹരണമാണ ഉമയനല്ലൂർ പാടശേഖരം. ഇവിടെയുള്ള പ്രവർത്തകരുടെ സജീവമായ ഇടപെടലുകൾ ഉണ്ടായതുകൊണ്ട് മാത്രമാണ ഇത് ഇന്നും ഇതുപോലെ നിലനിൽക്കുന്നത്, അല്ലെങ്കിൽ ഇതുപോലെയെങ്കിലും നിൽക്കുന്നത്. ഇത്

തുടർന്നും നിലനിർത്തുവാനാവശ്യമായ എല്ല സഹായങ്ങളും റവന്യൂ വകുപ്പിൻെറ ഭാഗത്തുനിന്നുണ്ടാവും. പരവൂർ കായലുമായും ഇത്തിക്കരയാറുമായും ബന്ധപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ വ്യക്തതയോടെ ഇടപെടണമെന്നുണ്ടെങ്കിൽ ഇതിൻെറ വിശദമായ രേഖാചിത്രങ്ങൾ (sketch) ആവശ്യമായി വരുന്നു. ഉണ്ടാക്കണമെന്നുണ്ടെങ്കിൽ അതിനായി സാങ്കേതിക ശേഷിയുള്ള ഒരു വലിയ ടീം തന്നെ ആവശ്യമായി വരുന്നു. ഇങ്ങനെയൊരു സാഹചര്യം ഉണ്ടെങ്കിൽ അല്ലെങ്കിൽ ഉണ്ടാവുകയാണെങ്കിൽ കഴിയുന്നത്രവേഗത്തിൽ ഇതിനുവേണ്ട എല്ലാകാര്യങ്ങളും ചെയ്യാവുന്നതാണ്.

റവന്യൂവകുപ്പിൻെറ ഭാഗത്തുനിന്നും നല്ല ഉദ്ദേശത്തോടെ, ഉദ്ദേശശുദ്ധിയോടെ ചെയ്യുന്ന പല കാര്യങ്ങൾക്കും പൊതുജനങ്ങളുടെ അകമഴിഞ്ഞ സഹായസഹകരണങ്ങൾ ഉണ്ടാവാറുണ്ട്. പക്ഷേ പലപ്പോഴും ജനപ്രതിനിധികളുടെ, അത് പാർട്ടി വ്യത്യാസമില്ലാതെതന്നെ ശക്തമായ എതിർപ്പുകൾ നേരിടേണ്ടിവരാറുണ്ട് അല്ലെങ്കിൽ ഇടപെടലുകൾ ഉണ്ടാവാറുണ്ട്. ഒരു പരിധിക്കപ്പുറം പലപ്പൊഴും ഇതിനെ അതിജീവിക്കാൻ കഴിഞ്ഞെന്നുവരില്ല. ഇത്തരം കാര്യങ്ങളിൽ പൊതുപ്രവർത്തകരുടെ ഭാഗത്തുനിന്നും ഒരു പിന്തുണ ഉണ്ടാവുകയും നമ്മുടെ പൊതുസമൂഹത്തിന ഇതിനെക്കുറിച്ച് ഒരു അവബോധം ഉണ്ടാവുകയും ചെയ്താൽ നമുക്ക് നമ്മുടെ പ്രകതിയെ രക്ഷിക്കാൻ കഴിയും. ഒപ്പം നമൂടെ കുഞ്ഞുങ്ങൾക്ക് വരുംതലമുറയ്ക്ക് പ്രകതിയെക്കുറിച്ച്, പ്രകതി എന്താണെന്നതിനെക്കുറിച്ച് ഒരു അവബോധം ഉണ്ടാക്കിയെടുക്കുവാൻ കഴിഞ്ഞാൽ നാളെത്തെ തലമുറ ഒന്നും ചെയ്തില്ലെങ്കിലും നശിപ്പിക്കുന്ന ഒരു പ്രവണത അവരുടെഭാഗത്തുനിന്ന് ഉണ്ടാവാതിരിക്കുവാൻ ഉള്ള വയലുകൾ നികത്തുവാനോ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാനോ ഉള്ള ശ്രമം അവരുടെഭാഗത്തുനിന്നുണ്ടാവാതിരുന്നുകഴിഞ്ഞാൽ ഉള്ളതിനെ നിലനിർത്തുവാൻ കഴിയും, അതുപോലെതന്നെ ഇതുപോലെയുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികളും സ്ഥാപനങ്ങളും ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയാണെങ്കിൽ നമുക്ക് വളരെയേറെ കാര്യങ്ങൾ ചെയ്യുവാൻ കഴിയും.

കുറച്ചുകാലങ്ങൾക്കുമുൻപ് മയ്യനാട്, പരവൂർ കായൽ തീരങ്ങളോട്ചേർന്നുള്ള ഭാഗങ്ങളിൽ പ്രവർത്തിച്ചിരുന്ന വളരെയധികം അനധികത യന്ത്രവൽകത മണലൂറ്റുകേന്ദ്രങ്ങൾ കണ്ടെത്തുകയുണ്ടായി. കായലിൻെറ ഉള്ളിലേക്കോ അല്ലെങ്കിൽ തീരത്തുതന്നെ വളരെ ദൂരത്തിലും ആഴത്തിലും നിന്ന് മണൽ ഊറ്റിയെടുക്കുവാൻ കഴിയുന്ന വൻപിച്ചശേഷിയുള്ള പമ്പുകളും ഏറെ നീളമുള്ള ഫുട്ട് വാൽവ്വുകളും ഉപയോഗിക്കുമ്പോൾ കായലിൻെറ അടിത്തട്ട് മാത്രമല്ല കരഭൂമി പോലും അസ്ഥിരപ്പെടുന്നവിധം ഭൂമിക്കടിയിൽനിന്ന് മണൽ ഊറ്റിയെടുക്കപ്പെട്ടിരുന്നു. സ്വാഭാവികമായി കര ഇടിഞ്ഞുതാഴുന്നു, കരഭൂമിയിലെ വീടുകളും കിണറുകളും ഇടിഞ്ഞുതാഴുന്നു. ഇന്നിവിടെ ഈയൊരു ചെറിയസമൂഹം കാണിക്കുന്ന ജാഗ്രത ഏതാനും വർഷങ്ങൾക്കുമുൻപ് ഇവിടെയുണ്ടായിരുന്നവർ കാണിച്ചിരുന്നെങ്കിൽ ഇന്നുണ്ടാവുന്ന ഈ പ്രതിസന്ധി തടയാൻ കഴിഞ്ഞേനേ. ഏങ്കിലും പ്രബുദ്ധരായ ഈ സമൂഹത്തിന് ഇനിയും മുന്നോട്ടുവരുവാനും ഏറെക്കാര്യങ്ങൾ ചെയ്യുവാനും കഴിയും. അത്തരത്തിലുള്ള ഏതൊരു പ്രവർത്തനത്തിനും റവന്യൂവകുപ്പിൻെറ സർവ്വാത്മനാ ഉള്ള സഹകരണവും സഹായവും ഉണ്ടാവും എന്ന വാഗ്ദാനവുമായി നിർത്തുന്നു

**വിഷയാവതരണം : ശ്രീമതി ഷീലാകുമാരി**
പ്രസിഡൻറ്, മയ്യനാട് ഗ്രാമപഞ്ചായത്ത്

**വിഷയം :**

- ഹെൽപ് ഫൗണ്ടേഷൻെറ ആവാസവ്യവസ്ഥാ പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ മയ്യനാട് ഗ്രാമപഞ്ചായത്തിൻെറ സംഭാവനകൾ
- പരവൂർ കായലിൻെറ സംരക്ഷണത്തിനും പരിപാലനത്തിനും മയ്യനാട് ഗ്രാമപഞ്ചായത്തിൻെറ പദ്ധതികൾ
- പരവൂർ കായലിൻെറ പുനർനിർമ്മാണപവർത്തനങ്ങളിൽ മയ്യനാട് ഗ്രാമപഞ്ചായത്തിൻെറ നയപരമായ തീരുമാനങ്ങൾ

ഒരു ആമുഖം എന്ന നിലയിൽ പറയട്ടേ, പഞ്ചായത്ത് എന്ന ഭരണസംവിധാനം ഒരു നിയമ നിർമ്മാണസഭയല്ല. പഞ്ചായത്തുകൾ ഒരിക്കലും ഒരു നിയമവും ഉണ്ടാക്കുന്നില്ല മറിച്ച് നിയമനിർമ്മാണസമിതികൾ പാസാക്കുന്ന നിയമങ്ങൾ പ്രാദേശികമായി വേണ്ടുന്നരീതിയിൽ നടപ്പിലാക്കുകയാണ് ഓരോ പഞ്ചായത്തുകളുടെയും കർത്തവ്യം. ഈ നിയമങ്ങൾക്കുള്ളിൽനിന്നുകൊണ്ട് ഓരോ പ്രവർത്തികളും പൊതുജനങ്ങൾക്ക് ഉപകാരപ്രദമായി നടപ്പിലാക്കുന്നത്.

അശാസ്ത്രീയമായ പല വികസനപ്രവർത്തനങ്ങളുടേയും തിക്താനുഭവങ്ങളും ദുരന്തങ്ങളും പിൽക്കാലത്ത് നേരിടേണ്ടിവന്ന, ഏറ്റുവാങ്ങേണ്ടിവന്ന ഒരു പഞ്ചായത്താണ് മയ്യനാട് ഗ്രാമപഞ്ചായത്ത്. മയ്യനാട് പഞ്ചായത്തിൽ ഉണ്ടായിട്ടുള്ള ഇത്തരം പാരിസ്ഥിതിക പ്രശ്നങ്ങളെക്കുറിച്ച് ഹെൽപ് ഫൗണ്ടേഷൻ ഒരു പഠനം നടത്തുകയും ആ പഠനറിപ്പോർട്ട് മയ്യനാട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കുകയുമുണ്ടായി. ആ റിപ്പോർട്ടിനെക്കുറിച്ച് മയ്യനാട് പഞ്ചായത്ത് ഭരണസമിതി വിശദമായ ചർച്ച നടത്തുകയുണ്ടായി. തീരദേശവുമായി ബന്ധപ്പെട്ടും, മത്സ്യത്തൊഴിലാളികളുടെ ഉപജീവനവുമായി ബന്ധപ്പെട്ടും അവരുടെ ഉന്നമനത്തിനാവശ്യമായ നടപടികളെക്കുറിച്ചും 13-ാം വാർഡ് മെംബെർ ശ്രീ ആർച്ച് ബാൾഡ് ഈ പഠനത്തെ ആസ്പദമാക്കി വിശദീകരിക്കുകയുണ്ടായി. ഇതിനെ അടിസ്ഥാനമാക്കി മേൽനടപടികൾക്കായി മയ്യനാട് പഞ്ചായത്ത് ഐകകണ്ഠ്യേന ഒരു റസല്യൂഷൻ പാസാക്കുകയുണ്ടായി. ഈ റസല്യൂഷൻ അടിസ്ഥാനമാക്കി പ്രസ്തുത വിഷയങ്ങൾ ഹെൽപ് ഫൗണ്ടേഷൻ അധികാരത്തിൻെറ ഉയർന്ന തട്ടുകളിൽ എത്തിക്കുകയും മേൽനടപടികൾക്കയി പരിശ്രമിക്കുകയും ചെയ്യുന്നു.

നമ്മുടെ പരവൂർകായലിൻെറ തീരസംരക്ഷണത്തിനായി ഹെൽപ് ഫൗണ്ടേഷൻെറ നേത്ര്ത്വത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന കണ്ടൽചെടിവച്ചുപിടിപ്പിക്കുന്നതിലും അതിൻെറ പരിപാലനത്തിലും അതിൽത്തന്നെ പ്രത്യേകം എടുത്തുപറയേണ്ടുന്ന ഒന്നാണ് ഈ പരിപാടിയിൽ ഭാഗഭാക്കാവുന്നതിലും വിവരങ്ങൾ ശേഖരിക്കുന്നതിലും സജീവമായി പ്രവർത്തിക്കുന്ന മയ്യനാട് ഹയർസെക്കൻഡറി സ്കൂളിലെ പരിസ്ഥിതി ക്ലബ് അംഗങ്ങളായ ഇന്നിവിടെ സന്നിഹിതരായിരിക്കുന്ന വിദ്യാർഥികളുടെ പ്രവർത്തനങ്ങളും അതുപോലെതന്നെ ഈ പദ്ധതിയിൽ ആദ്യവസാനം പങ്കെടുക്കുന്ന എം.ജി.എൻ.ആർ.ഇ.ജി. എസ്.-തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരുടെ പ്രവർത്തനങ്ങളും. ഇങ്ങനെ ഹെൽപ് ഫൗണ്ടേഷൻെറ നേതത്വത്തിലുള്ള ഈ പദ്ധതി യാഥാർഥ്യമാക്കിയത് മയ്യനാട് പഞ്ചായത്തിൻേറയും തൊഴിലുറപ്പ് പദ്ധതി പ്രവർത്തകരുടേയും മയ്യനാട് ഹയർസെക്കൻഡറി സ്കൂളിലെ വിദ്യാർഥികളുടേയും നാട്ടുകാരുടെയും സംയുക്തമായ പ്രവർത്തനത്തിലൂടെയാണ്. ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾക്കും മയ്യനാട് പഞ്ചായത്തിലുൾപ്പെട്ട തീരപ്രദേശം മുഴുവനും കണ്ടൽചെടികൾ വച്ചുപിടിപ്പിക്കാൻ മയ്യനാട് പഞ്ചായത്ത് സന്നദ്ധമാണെന്ന് ഇതിനാൽ ഞാൻ ഉറപ്പ് നൽകുന്നു.

അതുപോലെതന്നെ പഞ്ചായത്ത് അഭിമുഖീകരിക്കുന്ന ഒരു വിഷയമാണ് ഈ പഞ്ചായത്തിനു മുഴുവനും വേണ്ട കുടിവെള്ളം ശേഖരിച്ചുവയ്ക്കുന്ന ഉമയനല്ലൂർ ഏലായുമായി ബന്ധപ്പെട്ട വയൽ നികത്തൽ പ്രശ്നങ്ങൾ. ഇപ്പോഴത്തെ ഭരണസമിതി നിലവിൽ വന്നതിനു ശേഷം പുതുതായി വയൽ നികത്തി വീടുവയ്ക്കാൻ അനുമതി കൊടുത്തിട്ടില്ല. മുൻ കാലങ്ങളിൽ രണ്ടോ മൂന്നോ സെൻറ് സ്ഥലം വാങ്ങി വീടുവയ്ക്കുവാൻ അനുമതി തേടിയിട്ടുള്ള സാമ്പത്തികമായി പിന്നാക്കംനിൽക്കുന്ന ദുർബ്ബലജനവിഭാഗങ്ങൾ നമ്മുടെയിടയിലുണ്ട്. അക്കൂട്ടത്തിൽ വീടുവച്ചവരുമുണ്ട്. അവരുടെ ആവശ്യങ്ങൾക്ക് മനുഷ്യത്വപരമായ ഒരു സമീപനം കൈക്കൊണ്ടെങ്കിൽ മാത്രമേ ഒരു പരിഹാരം ഉണ്ടാക്കൻ സാധിക്കുകയുള്ളൂ. ആ വീട് പൊളിച്ചിട്ട് നിങ്ങൾ ഇറങ്ങിത്തരണം എന്ന് പറയുവാൻ ഒരു ഭരണാസമിതിക്കും കഴിയുകയില്ല. അതൊരു മനുഷ്യത്വത്തിൻെറ കാര്യമാണ്. എന്നാൽ പുതുതായി നിലംനികത്തി വീടുവയ്ക്കാൻ അനുമതി നൽകുകയില്ലെന്ന് ഭരണസമിതി ഉറപ്പുതരുന്നു. അതുപോലെതന്നെ ഉയർന്നുവന്നിട്ടുള്ള ഒരു വിഷയമാണ് രണ്ട് വാർഡുകളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ടുള്ള ഒരു

റോഡ് നിർമ്മാണം. പഞ്ചായത്തിൻെറ കിഴക്കൻ മേഖലയിലെ വാർഡുകളിൽ താമസിക്കുന്ന കുറേയേറെ ക്ഷീരകർഷകർ അവരുടെ ഗ്രാമസഭയിൽ ഉന്നയിച്ച ഒരു ആവശ്യമാണിത്. അവരുടെ പശുക്കളെ മൃഗാശുപത്രിയിൽ കൊണ്ടുപോവുന്നതിനും കൊണ്ടുവരുന്നതിനും വേണ്ടി ഈ രണ്ടു റോഡുകളെ തമ്മിൽ ബന്ധിപ്പിച്ചാൽ വളരെയേറെ സൗകര്യപ്രദമാവും. ഗ്രാമസഭയിൽ നിന്നുവന്ന ഈ നിർദ്ദേശമനുസരിച്ച് പഞ്ചായത്ത് ഭരണസമിതിയിൽ ഈ ആവശ്യം അറിയിച്ചതിനുശേഷം MGNREGS തൊഴിലാളികളെ ഉൾപ്പെടുത്തിക്കൊണ്ട് അവിടെ ഒരു വരമ്പ് പോലെ കുറച്ചധികം മണ്ണിട്ട് പ്രത്യേകം നിർമ്മിച്ചുതുടങ്ങി. അപ്പോഴേക്കും പരിസ്ഥിതിപ്രവർത്തകർ അതു തടയുകയുണ്ടായി. അവരുടെ പ്രധാന ആശങ്ക ഒരിക്കൽ ഇതനുവദിച്ചാൽ ഏലാ മുഴുവനും മണിട്ട് നികത്തപ്പെട്ടേക്കാം എന്നതാണ്. എന്നാൽ അന്നു വന്നവരോട് പഞ്ചായത്തിൻെറ നിലപാട് വ്യക്തമാക്കിയിരുന്നു. ഈ ഭരണസമിതി ഉള്ളിടത്തോളം കാലം ഈ ഏലാ നികത്താൻ അനുവദിക്കുകയില്ല. എന്നാൽ ഈ വഴിനിർമ്മാണം ക്ഷീരകർഷകർക്ക് പ്രയോജനകരമായി നടപ്പിലാക്കാൻ ശ്രമിച്ചതാണ്. എന്നാൽ പരിസ്ഥിതി പ്രവർത്തകരുടെ അഭിപ്രായം മാനിച്ച് പണി അവിടെ നിർത്തിവയ്ക്കുകയുണ്ടായി. പിന്നീട് ആ പണി ഇതുവരെ തുടർന്നിട്ടുമില്ല. ഇത് പഞ്ചായത്തിൻെറയോ മറ്റാരുടെയെങ്കിലുമോ വീഴ്ച്ചയാണെങ്കിലും പഞ്ചായത്ത് പ്രസിഡൻറ് എന്നനിലയിൽ സ്വയംവിമർശനമായി ഇത് ഏറ്റെടുക്കുകയാണ്.

അതുപോലെതന്നെ, നമ്മുടെ ഉമയനല്ലൂർ ഏലായിൽ കൃഷി ഇറക്കുന്നത് സംബന്ധിച്ച്. നമ്മുടെ കർഷകർക്ക് പഞ്ചായത്ത്സമിതി അംഗീകരിച്ചുകൊണ്ട് വളരെയധികം പ്രോജക്റ്റുകൾ- 2013-14 വാർഷികപദ്ധതിയിൽത്തന്നെ ഏതാണ്ട് 28 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആ തുക സമഗ്രനെൽകൃഷിവികസനത്തിനും അതുപോലെ പച്ചക്കറികൃഷിക്കും കർഷകർക്കുവേണ്ടുന്ന വിത്തും വളവും അതുപോലെതന്നെ അവർക്കുവേണ്ടുന്ന യന്ത്രസാമഗ്രികളടക്കം കൊടുക്കുന്നതിനുള്ള പ്രോജക്റ്റാണ് വച്ചിരിക്കുന്നത്. അതുപോലെ ഇടവിള കൃഷി, വാഴകൃഷി, ഇതെല്ലാം നടത്തുന്നതിനു വേണ്ടുന്ന പ്രൊജക്റ്റാണ് സമർപ്പിച്ചിരിക്കുന്നത്. മുൻ കാലങ്ങളിലും ഇതിനോടടുപ്പിച്ചുതന്നെ ഏതാണ്ട് 30 ലക്ഷത്തോളം വരുന്ന തുക ഓരോ വർഷവും പ്രോജക്റ്റിൽ വകയിരുത്തിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് കർഷകർ അത് പ്രയോജനപ്പെടുത്തുന്നുമുണ്ട്. ഉമയനല്ലൂർ ഏലായിൽ ഒരു സെൻറ് സ്ഥലം പോലും തരിശായി ഇടരുതെന്ന്- മുഴുവൻ സ്ഥലവും കൃഷിക്കായി ഉപയോഗിക്കണമെന്ന് ഈ കഴിഞ്ഞ കാർഷികവികസന സമിത് യോഗത്തിൽ അഭിപ്രായപ്പെടുകയുണ്ടായി. അതേത്തുടർന്ന് പാടശേഖരസമിതി അംഗങ്ങളും എല്ലവരുമായി യോജിച്ചുകൊണ്ട് കുറേയധികം ശ്രമങ്ങൾ നടത്തിവരുന്നുണ്ട്. പക്ഷേ നമ്മൾ ആർക്കും ഒന്നും ചെയ്യുവാൻ കഴിയാത്തവിധം പ്രകൃതി ചിലപ്പോൾ നമുക്ക് ഒരു വെല്ലുവിളിയാവുന്നുണ്ട്. അപ്രതീക്ഷിതമായുണ്ടാവുന്ന മഴ, അപ്രതീക്ഷിതമായ വരൾച്ച തുടങ്ങിയവയെല്ലാം വരുന്നതുകൊണ്ട് കർഷകർ വളരെയേറെ ദുരിതം അനുഭവിക്കുന്നുണ്ട്. ഇതിനെയെല്ലാം പ്രതിരോധിക്കാൻ വേണ്ടിയാണ് കുറെയേറെ സം ടനകൾ ഇപ്പോൾ രൂപീകരിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ സംഘടനകൾ രൂപീകരിക്കപ്പെട്ടാൽ മാത്രം പോരാ അവർ അവരുടെ ഉദ്ദേശലക്ഷ്യങ്ങൾ പ്രവർത്തിപഥത്തിൽ കൊണ്ടുവരികയും ചെയ്യണം. ആ ഒരു ശ്രമം എല്ലാവരുടേയും ഭാഗത്തുനിന്ന് ഉണ്ടാവണമെന്ന് ഓർമ്മിപ്പിക്കുന്നു. പഞ്ചായത്തിൻെറ ഭാഗത്തുനിന്ന് അതിനാവശ്യമായ എല്ലാ സഹായവും എല്ലാ സംഘടനകൾക്കും പ്രകൃതിയുമായി ബന്ധപ്പെട്ട എല്ലാവിധ പദ്ധതികൾക്കും മയ്യനാട് പഞ്ചായത്ത് എല്ലാവരുടെയും ഒപ്പമുണ്ട്. അതുപോലെതന്നെ കൊല്ലം ജില്ലയിൽ Bio Diversity യുമായി ബന്ധപ്പെട്ട് ജൈവവൈവിദ്ധ്യ രജിസ്റ്റർ തയാറാക്കുന്നത് സംബന്ധിച്ച് മയ്യനാട് ഗ്രാമപഞ്ചായത്തിൽ അതിൻെറ ആദ്യത്തെ സെമിനാർ നടത്തുകയുണ്ടായി. അതിലേക്കായി വാർഡ് തലത്തിൽ കോ-ഓർഡിനേറ്റർമാരെ തെരഞ്ഞെടുക്കുകയുണ്ടായി. ആ കോ-ഓർഡിനേറ്റർമാരെ വച്ചുകൊണ്ട് Bio Diversity യുടെ മാനേജ്മെൻറ് കമ്മിറ്റി കൂടുകയുണ്ടായി. ഹെൽപ് ഫൗണ്ടേഷൻ ഡയറക്ടർ അതിൻെറ മെയിൻ കോ-ഓർഡിനേറ്ററാണ്. ഇതിൻെറ പ്രവർത്തനങ്ങൾക്കാവശ്യമായ കുറേയേറെ നിർദ്ദേശങ്ങൾ അദ്ദേഹം നൽകുകയുണ്ടായി. ആ നിർദ്ദേശങ്ങളോടൊപ്പം Bio Diversity യുടെ കോ-ഓർഡിനേറ്ററുംചേർന്നുകൊണ്ട് കുറേയധികം പ്രവർത്തനങ്ങൾ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. നാളത്തെതലമുറയ്ക്കും മയ്യനാട്പഞ്ചായത്തിനും എന്തൊക്കെ സസ്യങ്ങളും ജീവജാലങ്ങളും ഇവിടെ നിലനിന്നിരുന്നുഎന്നും ഈ രജിസ്റ്റർപരിശോധിച്ചാൽ മനസ്സിലാക്കാവുന്നതാണ്. അതിനുവേണ്ടുന്ന മുന്നൊരുക്കങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. ഇതിന് ഈ സമിതി അംഗങ്ങളെല്ലാവരും നല്ല പിന്തുണ നൽകുന്നുണ്ട്. പ്രകതിയെ സംരക്ഷിക്കുന്ന എല്ലാവിധ പ്രവർത്തനങ്ങൾക്കും മയ്യനാട് ഗ്രാമപഞ്ചായത്തിൻെറ പിന്തുണ എല്ലാ സംഘടനകൾക്കും ഉണ്ടെന്നറിയിച്ചുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ചുരുക്കുന്നു